onam edition

# ആരോഗ്യ കേരളം

arogyakeralam newsletter

NHM Facebook Scan Here

September 2025

Follow us on

arogyakeralam.gov.in



ആരോഗ്യ മേഖലയിൽ കേരളം കൈവരിച്ച നേട്ടങ്ങളുടെ യഥാർത്ഥ പ്രതിഫലനമാണ് എൻ.എച്ച്.എം കേരളം പ്രസിദ്ധീകരിക്കുന്ന ന്യൂസ് ലെറ്റർ. ഇത് കേവലം വിവരങ്ങൾ പങ്കുവെക്കാനുള്ള ഒരു പ്രസിദ്ധീകരണം മാത്രമല്ല, മറിച്ച് നമ്മുടെ ആരോഗ്യ സംവിധാനത്തിന്റെ സ്പന്ദനം വെളിവാക്കുന്ന രേഖ കൂടിയാണ്. പ്രാഥമികതലം മുതൽ നമ്മുടെ ആരോഗ്യ പ്രവർത്തകർ നടത്തുന്ന അശ്രാന്ത പരിശ്രമങ്ങളെയും, വിജയകരമായ പദ്ധതികളെയും, അവ സമൂഹത്തിൽ വരുത്തിയ മാറ്റങ്ങളെയും ഈ ന്യൂസ് ലെറ്റർ പ്രതിഫലിപ്പിക്കുന്നുണ്ട്.

കേരളത്തിലെ മുഴുവൻ ആരോഗ്യപ്രവർത്തകർക്കും ഹൃദ്യമായ ഓണാശംസകൾ നേരുന്നു.

പിണറായി വിജയൻ



ഓണം സൗഹാർദ്ദത്തിന്റെ, ഒരുമയുടെ ഉത്സവമാണ്. ഓണക്കാലം നമ്മുടെ മാനസിക ആരോഗ്യത്തോടൊപ്പം ശാരീരിക ആരോഗ്യത്തേയും മെച്ചപ്പെടുത്തുന്ന നിമിഷങ്ങളാണ്. കേരളത്തെ ആരോഗ്യകരവും സന്തോഷകരവുമായ ഒരു നാടാക്കി മാറ്റുന്നതിനായി പ്രവർത്തിക്കുന്ന എല്ലാ ആരോഗ്യ പ്രവർത്തകരുടേയും സന്നദ്ധ പ്രവർത്തകരുടേയും സേവനത്തെ അഭിനന്ദിക്കുന്നു.

എല്ലാവർക്കും ഹൃദയം നിറഞ്ഞ ഓണാശംസകൾ നേരുന്നു.

വീണാ ജോർജ്

## നല്ലോണം ആരോഗ്യത്തോടെ

മിൽക്ക് ബാങ്ക് വൻവിജയം

# അമ്മിഞ്ഞ മധുരം ലഭിച്ചത് 17,307 കുഞ്ഞുങ്ങൾക്ക്

**3 ആശുപത്രികളിൽ മിൽക്ക് ബാങ്ക് ◆ രണ്ടിടങ്ങളിൽ ഉടൻ**






തിരുവനന്തപുരം: സംസ്ഥാനത്ത് വിവിധ ആശുപത്രികളിൽ സ്ഥാപിച്ച മുലപ്പാൽ ബാങ്കുകൾ വൻ വിജയമെന്ന് ആരോഗ്യ വകുപ്പ് മന്ത്രി വീണാ ജോർജ്. കോഴിക്കോട് മെഡിക്കൽ കോളേജ്, തൃശൂർ മെഡിക്കൽ കോളേജ്, എറണാകുളം ജനറൽ ആശുപത്രി എന്നിവിടങ്ങളിലാണ് ഈ സർക്കാരിന്റെ കാലത്ത് മുലപ്പാൽ ബാങ്ക് സ്ഥാപിച്ചത്. തിരുവനന്തപുരം എസ്.എ.ടി. ആശുപത്രിയിലും കോട്ടയം മെഡിക്കൽ കോളേജിലും മുലപ്പാൽ ബാങ്കുകൾ സജ്ജമായി വരുന്നു. 3 മുലപ്പാൽ ബാങ്കുകളിൽ നിന്നായി ഇതുവരെ 17,307 കുഞ്ഞുങ്ങൾക്കാണ് മുലപ്പാൽ നൽകിയത്. 4673 അമ്മമാരാണ് മുലപ്പാൽ ദാനം ചെയ്തത്. കോഴിക്കോട് മെഡിക്കൽ കോളേജിൽ 11,441 കുഞ്ഞുങ്ങൾക്കും തൃശൂർ മെഡിക്കൽ കോളേജിൽ 4870 കുഞ്ഞുങ്ങൾക്കും എറണാകുളം ജനറൽ ആശുപത്രിയിൽ 996 കുഞ്ഞുങ്ങൾക്കുമാണ് മുലപ്പാൽ നൽകിയത്. ഈ പദ്ധതി വിജയകരമായതിനെ തുടർന്ന് കൂടുതൽ ആശുപത്രികളിൽ മുലപ്പാൽ ബാങ്ക് സജ്ജമാക്കും. കൂടുതൽ ആശുപത്രികളിൽ മിൽക്ക് ബാങ്ക് യാഥാർത്ഥ്യമാകുന്നതോടെ വളരെയധികം കുഞ്ഞുങ്ങൾക്ക് പ്രയോജനകരമാകുമെന്നും മന്ത്രി വ്യക്തമാക്കി.

ആഗസ്റ്റ് 1 മുതൽ ആഗസ്റ്റ് 7 വരെ മുലയൂട്ടൽ വാരാചരണം നടക്കുകയാണ്. കുഞ്ഞുങ്ങളുടെ ആരോഗ്യ സംരക്ഷണത്തിൽ ഏറ്റവും പ്രധാനപ്പെട്ടതാണ് മുലപ്പാൽ. ആദ്യ ഒരു മണിക്കൂറിൽ നവജാതശിശുവിന് മുലപ്പാൽ നൽകേണ്ടതും ആദ്യ ആറ് മാസം മുലപ്പാൽ മാത്രം നൽകേണ്ടതും ഏറെ അത്യാവശ്യമാണ്. എന്നാൽ അമ്മമാരുടെ പകർച്ചവ്യാധികൾ, ജന്മനാ തൂക്കം കുറഞ്ഞ കുഞ്ഞുങ്ങൾ, വെന്റിലേറ്ററിലുള്ള അമ്മമാർ തുടങ്ങി വിവിധ കാരണങ്ങളാൽ അമ്മയ്ക്ക് കുഞ്ഞിനെ മുലയൂട്ടാൻ സാധിക്കാറില്ല. അത്തരത്തിലുള്ള കുട്ടികൾക്ക് കൂടി മുലപ്പാൽ ഉറപ്പാക്കാനാണ് മിൽക്ക് ബാങ്ക് സജ്ജമാക്കിയത്.


സേവന സന്നദ്ധരായ മുലയൂട്ടുന്ന അമ്മമാരിൽ നിന്നും മുലപ്പാൽ ശേഖരിച്ച് വിവിധ പ്രക്രിയകളിലൂടെയും സ്ക്രീനിങ്ങുകളിലൂടെയും സംഭരിച്ച് ആവശ്യമായ ശിശുക്കൾക്ക് ആരോഗ്യകരവും ശുദ്ധവുമായ മുലപ്പാൽ വിതരണം ചെയ്യുന്നു. ആശുപത്രിയിലെത്തുന്ന കുഞ്ഞുങ്ങളുടെ അമ്മമാരുമാരും ജീവനക്കാരുമാണ് പ്രധാന ദാതാക്കൾ. സ്വന്തം കുഞ്ഞിന് അസുഖം കാരണം മുലപ്പാൽ കുടിക്കാൻ പറ്റാത്ത സാഹചര്യമുള്ള അമ്മമാർക്കും മുലപ്പാൽ ദാനം ചെയ്യാം. ബാക്റ്റീരിയകളുടെ സാന്നിദ്ധ്യം ഇല്ല എന്നുറപ്പാക്കിയാണ് പാൽ കുഞ്ഞുങ്ങൾക്ക് നൽകുന്നത്. ഫ്രീസറിനുള്ളിൽ ഇത് മാസങ്ങളോളം സൂക്ഷിക്കാനുമാകും.

മുലയൂട്ടൽ പ്രോത്സാഹിപ്പിക്കുന്നതിന് ആരോഗ്യ വകുപ്പും വനിതാ ശിശുവികസന വകുപ്പും പ്രത്യേക പ്രാധാന്യം നൽകുന്നുണ്ട്. പൊതുയിടങ്ങളിലും ആശുപത്രികളിലും മുലയൂട്ടൽ കേന്ദ്രങ്ങൾ ആരംഭിച്ചു. അമ്മയ്ക്കും കുഞ്ഞിനും ഗുണനിലവാരമുള്ളതും സൗഹൃദവുമായ ആരോഗ്യ പരിരക്ഷ ഉറപ്പാക്കുന്നതിനും മുലയൂട്ടൽ പ്രോത്സാഹിപ്പിക്കുന്നതിനുമായി മാതൃശിശു സൗഹൃദ ആശുപത്രി ഇനിഷ്യേറ്റീവ് പദ്ധതി ആരംഭിച്ചു. 45 ആശുപത്രികളിൽ മാതൃശിശു സൗഹൃദ ആശുപത്രി ഇനിഷ്യേറ്റീവ് പ്രകാരമുള്ള സംവിധാനങ്ങൾ ഒരുക്കിയിട്ടുണ്ട്.

അമ്മമാർ മുലയൂട്ടൽ അവരുടെ കടമയായി ഏറ്റെടുക്കുകയും കുടുംബാംഗങ്ങൾ അവർക്ക് ആവശ്യമായ പിന്തുണയും സഹായവും ഉറപ്പാക്കുകയും ചെയ്യേണ്ടതാണ്. കുഞ്ഞുങ്ങൾക്ക് വേണ്ടി നൽകാൻ കഴിയുന്ന അമൂല്യമായ ഒന്നാണ് മുലയൂട്ടൽ.

ആരോഗ്യമേഖലയിൽ

# സർവ്വതല വികസനം: മന്ത്രി വീണാ ജോർജ്



പത്തനംതിട്ട: സംസ്ഥാനത്ത് ആരോഗ്യ മേഖലയിൽ സർവതല സ്പർശിയായ വികസനമാണ് സർക്കാർ നടപ്പാക്കുന്നതെന്ന് ആരോഗ്യവും വനിതാ ശിശു വികസനവും വകുപ്പ് മന്ത്രി വീണാ ജോർജ്. നാരങ്ങാനം കടമ്മനിട്ട കുടുംബാരോഗ്യ കേന്ദ്രത്തിന്റെ പുതിയ കെട്ടിടത്തിന്റെ നിർമ്മാണ ഉദ്ഘാടനം നിർവഹിക്കുകയായിരുന്നു മന്ത്രി.

പത്തനംതിട്ട ജില്ലാ ആശുപത്രിയിൽ 46 കോടി രൂപ ചെലവിൽ ട്രോമാ ക്രിട്ടിക്കൽ കെയർ യൂണിറ്റ് ഉൾപ്പെടെ അത്യാധുനിക സൗകര്യങ്ങളോടുകൂടിയ മൂന്ന് നിലയിലുള്ള രണ്ട് ബ്ലോക്കുകളുടെ നിർമ്മാണം പുരോഗമിക്കുകയാണ്. കോഴഞ്ചേരി താലൂക്ക് ആശുപത്രിയിൽ കിഫ്ബിയിലൂടെ 30 കോടി രൂപയുടെ കെട്ടിടം പൂർത്തിയാകുന്നു. ശബരിമല തീർത്ഥാടകർ കൂടുതലായി ആശ്രയിക്കുന്ന റാന്നി താലൂക്ക് ആശുപത്രിയിൽ 15.5 കോടി രൂപ കെട്ടിട നിർമ്മാണം പുരോഗമിക്കുന്നു. അടൂർ ജനറൽ ആശുപത്രിയിലും കോന്നി, മല്ലപ്പള്ളി, തിരുവല്ല താലൂക്ക് ആശുപത്രികളിലും സമാനരീതിയിൽ നിർമ്മാണം നടക്കുന്നു. സബ് സെൻററുകൾ ആയിരുന്ന ജനകീയ ആരോഗ്യ കേന്ദ്രങ്ങളെ ആധുനിക നിലവാരത്തിൽ ഉയർത്തി.

ആരോഗ്യ കേരളം പദ്ധതിയിൽ ഉൾപ്പെടുത്തി 1.43 കോടി രൂപ ചെലവഴിച്ചാണ് കടമ്മനിട്ട കുടുംബാരോഗ്യ കേന്ദ്രത്തിൽ പുതിയ കെട്ടിടം നിർമ്മാണം.

ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് ജോർജ് എബ്രഹാം അധ്യക്ഷനായി. ഇലന്തൂർ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് ജെ ഇന്ദിരാദേവി, വൈസ് പ്രസിഡന്റ് കെ.ആർ അനീഷാ, നാരങ്ങാനം ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് മിനി സോമരാജൻ, വൈസ് പ്രസിഡന്റ് കടമ്മനിട്ട കരുണാകരൻ, ബ്ലോക്ക് പഞ്ചായത്ത് അംഗം വി. പി. എബ്രഹാം, ഗ്രാമപഞ്ചായത്ത് സ്ഥിരം സമിതി ചെയർപേഴ്സൺമാരായ റെജി തോമസ്, റസിയ സണ്ണി, ബെന്നി ദേവസ്യ, ജില്ലാ മെഡിക്കൽ ഓഫീസർ ഡോ എൽ അനിതകുമാരി, അർദ്രം നോഡൽ ഓഫീസർ ഡോ അംജിത് രാജീവൻ, കുടുംബാരോഗ്യ കേന്ദ്രം മെഡിക്കൽ ഓഫീസർ ഡോ മഞ്ജു തുടങ്ങിയവർ പങ്കെടുത്തു.

തലയെടുപ്പോടെ കോഴിക്കോട്

# ഫറോക്കിൽ 23.5 കോടിയുടെ പുതിയ കെട്ടിടം



ഫറോക്ക്: സംസ്ഥാന സർക്കാർ ആരോഗ്യ മേഖലയിൽ നടപ്പിലാക്കി വരുന്ന ബഹുമുഖ വികസന പദ്ധതികളുടെ ഭാഗമായി ഫറോക്ക് താലൂക്ക് ആശുപത്രിയിൽ പുതിയതായി നിർമ്മിച്ച ബഹുനില മന്ദിരം മുഖ്യമന്ത്രി പിണറായി വിജയൻ നാടിന് സമർപ്പിച്ചു. ആരോഗ്യ വകുപ്പ് മന്ത്രി വീണാ ജോർജ് അധ്യക്ഷയായി. സംസ്ഥാന ആരോഗ്യ മേഖലയിൽ നടന്നു വരുന്ന വലിയ വികസന പ്രവർത്തനങ്ങളുടെ തുടർച്ചയാണ് ഫറോക്ക് താലൂക്ക് ആശുപത്രിയുടെ പുതിയ കെട്ടിടമെന്ന് മന്ത്രി വീണാ ജോർജ് പറഞ്ഞു.

കിഫ്ബി വഴി 23.5 കോടി രൂപ ചെലവഴിച്ചാണ് 47,806 ചതുരശ്ര അടി വിസ്തൃതിയിൽ അത്യാധുനിക സൗകര്യങ്ങളോടെ കെട്ടിട നിർമ്മാണം പൂർത്തിയാക്കിയിരിക്കുന്നത്. വിവിധ സ്പെഷ്യാലിറ്റികൾ, ഓപ്പറേഷൻ തിയേറ്ററുകൾ, ലാബുകൾ തുടങ്ങിയ അതിനൂതനമായ സൗകര്യങ്ങളോടെ രോഗി പരിചരണം ഉറപ്പാക്കുന്ന ആശുപത്രിയിൽ ഒരേസമയം 103 രോഗികളെ കിടത്തി ചികിത്സിക്കാൻ കഴിയും. ഓക്സിജൻ പ്ലാന്റ്, ട്രോമാ കെയർ യൂണിറ്റ്, അത്യാഹിത വിഭാഗം, ഓപ്പറേഷൻ തിയേറ്ററുകൾ തുടങ്ങിയവ പുതിയ ആശുപത്രിയുടെ ഭാഗമായി വരുന്നുണ്ട്. താഴത്തെ നിലയിൽ ജനറേറ്റർ റൂം, എയിഡ് പോസ്റ്റ്, ട്രയേജ്, വിവിധ ഒപികൾ, ഇഞ്ചക്ഷൻ, നെബുലൈസേഷൻ റൂം, വിവിധ ഒ.പികൾ എന്നിവയും രണ്ടാമത്തെ നിലയിൽ 45 കിടക്കകളുള്ള പുരുഷന്മാരുടെ വാർഡ്, നഴ്സിംഗ് സ്റ്റേഷൻ, സ്റ്റോർ റൂം, മൂന്നാമത്തെ നിലയിൽ 45 കിടക്കകളുള്ള സ്ത്രീകളുടെ വാർഡ്, സ്റ്റോർ റൂം, എന്നിവയും ഏറ്റവും മുകളിലെ നിലയിൽ ഒ.എച്ച് ഫയർ ടാങ്ക്, ഫ്ളഷ് ടാങ്ക്, ഡൊമസ്റ്റിക് ടാങ്ക്, സോളാർ പ്ലാന്റ് എന്നിവയുമുണ്ട്.

പൊതുമരാമത്ത് വകുപ്പ് മന്ത്രി പി.എ മുഹമ്മദ് റിയാസ്, എം.കെ രാഘവൻ എം.പി, മറ്റ് ജനപ്രതിനിധികൾ, ഉദ്യോഗസ്ഥർ തുടങ്ങിയവർ യോഗത്തിൽ പങ്കെടുത്തു.

# നഴ്സിംഗ് കോളേജുകൾക്ക് 13 തസ്തികകൾ




തിരുവനന്തപുരം: പത്തനംതിട്ട, ഇടുക്കി, പാലക്കാട്, വയനാട്, കാസർഗോഡ് ജില്ലകളിലായി ആരംഭിച്ച 5 പുതിയ സർക്കാർ നഴ്സിംഗ് കോളേജുകൾക്കും തിരുവനന്തപുരം നഴ്സിംഗ് കോളേജ്-അനക്സിലുമായി പുതിയ തസ്തികകൾ സൃഷ്ടിക്കാൻ മന്ത്രിസഭാ യോഗം അനുമതി നൽകിയതായി ആരോഗ്യ വകുപ്പ് മന്ത്രി വീണാ ജോർജ്. ആകെ 7 അസിസ്റ്റന്റ് പ്രൊഫസർ തസ്തികകളും 6 അസോസിയേറ്റ് പ്രൊഫസർ തസ്തികകളും ഉൾപ്പെടെ 13 തസ്തികകൾ സൃഷ്ടിക്കാനാണ് മന്ത്രിസഭാ യോഗം അനുമതി നൽകിയത്. പത്തനംതിട്ട, ഇടുക്കി, പാലക്കാട്, വയനാട്, കാസർഗോഡ് നഴ്സിംഗ് കോളേജുകളിൽ അസിസ്റ്റന്റ് പ്രൊഫസർ, അസോസിയേറ്റ് പ്രൊഫസർ തസ്തികകൾ ഓരോന്നു വീതമാണ് സൃഷ്ടിക്കുന്നത്. തിരുവനന്തപുരം നഴ്സിംഗ് കോളേജ്-അനക്സിൽ 2 അസിസ്റ്റന്റ് പ്രൊഫസർ തസ്തികകളും, ഒരു അസോസിയേറ്റ് പ്രൊഫസർ തസ്തികയും സൃഷ്ടിക്കും. നടപടിക്രമങ്ങൾ പാലിച്ച് എത്രയും വേഗം ഈ തസ്തികകളിൽ നിയമനം നടത്തുമെന്നും മന്ത്രി പറഞ്ഞു.

സർക്കാർ, സർക്കാർ അനുബന്ധ മേഖലകളിൽ മാത്രം കഴിഞ്ഞ വർഷം 1020 ബി.എസ്.സി. നഴ്സിംഗ് സീറ്റുകളാണ് പുതുതായി വർധിപ്പിച്ചത്. സർക്കാർ മേഖലയിൽ 400 സീറ്റുകൾ, സർക്കാരിന്റെ നിയന്ത്രണത്തിലുള്ള സിമെറ്റ് 420 സീറ്റുകൾ, സീപാസ് 150 സീറ്റുകൾ, കെയ്പ് 50 സീറ്റുകൾ എന്നിങ്ങനെയാണ് വർധിപ്പിച്ചത്. സർക്കാർ മേഖലയിൽ പുതുതായി ആരംഭിച്ച 6 നഴ്സിംഗ് കോളേജുകൾക്കായി 79 തസ്തികകളും സൃഷ്ടിച്ചു. ഇത് കൂടാതെയാണ് പുതിയ തസ്തികകൾ സൃഷ്ടിച്ചത്.

മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിന്റെ കീഴിൽ കാസർഗോഡ്, വയനാട്, പാലക്കാട്, ഇടുക്കി, പത്തനംതിട്ട എന്നിവിടങ്ങളിൽ 60 സീറ്റ് വീതമുള്ള പുതിയ നഴ്സിംഗ് കോളേജുകളും തിരുവനന്തപുരം സർക്കാർ നഴ്സിംഗ് കോളേജിനോട് അനുബന്ധിച്ച് 100 സീറ്റുള്ള ഒരു അധിക ബാച്ച് ജനറൽ ആശുപത്രി ക്യാമ്പസിലെ പുതിയ ബ്ലോക്കിലും കോളേജുകൾ ആരംഭിച്ചു. ആരോഗ്യ വകുപ്പിന്റെ നേരിട്ട് നിയന്ത്രണത്തിലുള്ള സിമെറ്റിന്റെ കീഴിൽ നെയ്യാറ്റിൻകര, വർക്കല, കോന്നി, നൂറനാട്, ധർമ്മടം, തളിപ്പറമ്പ്, താനൂർ എന്നിവടങ്ങളിൽ 60 സീറ്റ് വീതമുള്ള നഴ്സിംഗ് കോളേജുകളും ആരംഭിച്ചു.

**കേരളത്തിന്റെ സ്നേഹം**

# മാതൃകയാക്കാൻ ഹിമാചലും



തിരുവനന്തപുരം: കിടപ്പിലാകുന്ന രോഗികൾക്ക് സ്നേഹവും സാന്ത്വനവും പകരുന്ന, കേരളത്തിന്റെ സാമൂഹികാധിഷ്ഠിത സാന്ത്വന പരിചരണം മാതൃകയാക്കി ഹിമാചൽ പ്രദേശ്. ഹിമാചൽ പ്രദേശിലെ എല്ലാ നിയോജക മണ്ഡലങ്ങളിലും കേരള മോഡൽ പാലിയേറ്റീവ് കെയർ നടപ്പിലാക്കാനാണ് തീരുമാനം. ഹിമാചൽ പ്രദേശ് ആരോഗ്യ വകുപ്പ് മന്ത്രി, ആരോഗ്യ വകുപ്പ് സെക്രട്ടറി, എൻ.എച്ച്.എം മിഷൻ ഡയറക്ടർ എന്നിവരുടെ സംഘം അടുത്തിടെ കേരളത്തിന്റെ സാന്ത്വന പരിചരണ സംവിധാനം പഠിക്കുന്നതിന് കേരളത്തിൽ എത്തിയിരുന്നു. തിരുവനന്തപുരം, എറണാകുളം, ജില്ലകൾ സന്ദർശിച്ച് പാലിയേറ്റീവ് കെയർ ടീമിന്റെ പ്രവർത്തനങ്ങൾ അവർ നേരിട്ട് മനസിലാക്കി. കേരളം നടപ്പിലാക്കി വരുന്ന എല്ലാ കിടപ്പ് രോഗികൾക്കും സാന്ത്വന പരിചരണം ഉറപ്പാക്കുന്ന സാർവത്രിക പദ്ധതി അവർക്ക് ഏറെ ഇഷ്ടപ്പെട്ടു.

കേരളത്തിലെ സാമൂഹികാധിഷ്ഠിത സാന്ത്വന പരിചരണം ഹിമാചൽ പ്രദേശിലും നടപ്പിലാക്കാൻ കേരളത്തിന്റെ സഹായം അഭ്യർത്ഥിച്ചു. ആരോഗ്യ വകുപ്പ് മന്ത്രി വീണാ ജോർജ് അവർക്ക് എല്ലാ പിന്തുണയും നൽകി. അങ്ങനെ ഒരു നിയമസഭാ മണ്ഡലത്തിൽ നിന്നും ഒരു ഡോക്ടറും ഒരു നഴ്സും വച്ച് 70 ഡോക്ടർമാർക്കും 70 നഴ്സുമാർക്കും പരിശീലനം നൽകാൻ തീരുമാനിച്ചു. ആദ്യഘട്ടമായി എത്തിയ 15 ഡോക്ടർമാർക്കും 15 നഴ്സുമാർക്കും 10 ദിവസത്തെ പരിശീലനം നൽകി. പരിശീലനത്തിന്റെ സമാപന ചടങ്ങിൽ മന്ത്രി വീണാ ജോർജ് പങ്കെടുത്ത് സംഘത്തെ അഭിസംബോധന ചെയ്തു. പരിശീലനത്തിൽ പങ്കെടുത്ത ടീം അംഗങ്ങൾക്ക് സർട്ടിഫിക്കറ്റും മന്ത്രി വിതരണം ചെയ്തു.

ആരോഗ്യ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി ഡോ. രാജൻ എൻ ഖോബ്രഗഡെ പാലിയേറ്റീവ് കെയർ പദ്ധതി വിശദീകരിച്ചു. പാലിയേറ്റീവ് കെയർ നോഡൽ ഓഫീസർ ഡോ. മാത്യു നമ്പേലി, ആർദ്രം ജോ. കോ-ഓർഡിനേറ്റർ ഡോ. മഹേഷ്, എന്നിവർ പങ്കെടുത്തു. മുൻ ചീഫ് സെക്രട്ടറി. ഡോ. എസ്.എം വിജയാനന്ദ്, ഡോ. എം.ആർ രാജഗോപാൽ, ഡോ. സുരേഷ് കുമാർ തുടങ്ങിയവരുടെ നേതൃത്വത്തിലാണ് പരിശീലന പരിപാടി സംഘടിപ്പിച്ചത്.

**മുഖച്ഛായ മാറി**

# വിതുര താലൂക്ക് ആശുപത്രിയും മാതൃക



തിരുവനന്തപുരം : അടിസ്ഥാന സൗകര്യ വികസനത്തിലും രോഗി സൗഹൃദ ഇടപെടലിലും മാതൃകയായി വിതുര ഗവ. താലൂക്ക് ആശുപത്രി. സംസ്ഥാന സർക്കാരും ജില്ലാ പഞ്ചായത്തും കൈകോർത്ത് നടപ്പാക്കിയത് ആശുപത്രിയുടെ മുഖച്ഛായ മാറ്റുന്ന പദ്ധതികൾ. 9 കോടിയുടെ നവീകരണ പ്രവൃത്തികളാണ് കഴിഞ്ഞ 9 വർഷം കൊണ്ട് പൂർത്തിയാക്കിയത്. ദിവസം ആയിരത്തോളം രോഗികൾക്കാണ് മലയോര മേഖലയിലെ ഈ പ്രധാന ആതുരാലയം ആശ്രയമാകുന്നത്. 100 പേർക്ക് കിടത്തി ചികിത്സാ സൗകര്യം ആശുപത്രിയിലുണ്ട്. ആധുനിക സംവിധാനങ്ങളുള്ള ലാബും സ്ത്രീകൾക്കും കുട്ടികൾക്കും പുരുഷന്മാർക്കുമുള്ള പ്രത്യേകം വാർഡുകളും 24 മണിക്കൂറും അത്യാഹിത വിഭാഗവും ഇവിടെയുണ്ട്. വൃക്ക രോഗികൾക്ക് ആശ്വാസമായി 4 ഡയാലിസിസ് യൂണിറ്റും പ്രവർത്തിക്കുന്നുണ്ട്. ഡിജിറ്റൽ എക്സ്റേ സംവിധാനവും എല്ലാ മരുന്നുകളുമായി 24 മണിക്കൂറും പ്രവർത്തിക്കുന്ന ഫാർമസിയും രോഗികൾക്ക് ഏറെ ആശ്വാസമാണ്. നവീകരിച്ച മോർച്ചറിയുമുണ്ട്. നവീകരിച്ച സർക്കാർ ലാബിനുപുറമെ രാജീവ് ഗാന്ധി ബയോടെക്നോളജി ലാബും പ്രവർത്തിക്കുന്നുണ്ട്. താലൂക്ക് ആശുപത്രിയായി ഉയർത്തുമെന്നത് യുഡിഎഫ് ഭരണകാലത്ത് പാഴ്വാക്കായി. എൽഡിഎഫ് സർക്കാരും ജില്ലാ പഞ്ചായത്തും ചേർന്നാണ് ആശുപത്രിക്ക് കൈത്താങ്ങായത്.

**അത്യാധുനിക ട്രോമാ കെയർ**

# വൈത്തിരി തയ്യാറാണ്



> 24 മണിക്കൂറും പ്രവർത്തിക്കുന്ന ഓപ്പറേഷൻ തിയേറ്ററുകൾ, എമർജൻസി വിഭാഗം, ഐസിയു, വാർഡുകൾ തുടങ്ങിയ സൗകര്യങ്ങളുണ്ടാവും

വയനാട്: അത്യാഹിതങ്ങളെ അതിജീവിക്കാൻ വൈത്തിരി താലൂക്ക് ആശുപത്രിയിൽ അത്യാധുനിക ട്രോമാ കെയർ യൂണിറ്റ് ഒരുങ്ങുന്നു. ദേശീയ പ്രോട്ടോകോൾ പാലിച്ചുള്ള ലെവൽ ത്രീ ട്രോമാ കെയർ യൂണിറ്റാണ് സ്ഥാപിക്കുന്നത്. ടാറ്റ കമ്പനിയുടെ സി.എസ്.ആർ ഫണ്ടായ ഏഴുകോടി രൂപ ഉപയോഗിച്ച് നിർമ്മിക്കുന്ന യൂണിറ്റിൽ ട്രയാജ് സംവിധാനത്തിലൂടെ ഒരേ സമയം മുന്നൂറോളം പേർക്ക് പരിചരണം നൽകാൻ സാധിക്കും. വലിയ ദുരന്തങ്ങൾ, റോഡപകടങ്ങൾ, തീപിടിത്തം തുടങ്ങിയ അത്യാഹിതങ്ങളിൽപ്പെടുന്നവരുടെ ജീവൻ രക്ഷിക്കാനുള്ള ഇടപെടലുകൾ അടിയന്തരമായി നടത്തുകയാണ് ലക്ഷ്യം. ഇതിനായി 24 മണിക്കൂറും പ്രവർത്തിക്കുന്ന ഓപ്പറേഷൻ തിയേറ്ററുകൾ, എമർജൻസി വിഭാഗം, ഐസിയു, വാർഡുകൾ തുടങ്ങിയ സൗകര്യങ്ങളുണ്ടാവും.

പൊള്ളലേറ്റാലുള്ള വിദഗ്ധ പരിചരണത്തിനുള്ള സൗകര്യം, താക്കോൽദ്വാര ശസ്ത്രക്രിയക്കുള്ള സൗകര്യങ്ങൾ, ഐസൊലേഷൻ വാർഡ് തുടങ്ങിയവയെല്ലാം ഇതിന്റെ ഭാഗമാണ്. 11,000 ചതുരശ്ര അടിയിൽ മൂന്ന് നില കെട്ടിടത്തിലാണ് ട്രോമാ കെയർ സംവിധാനം സ്ഥാപിക്കുന്നത്. കെട്ടിടത്തിന്റെ പ്ലാനിങ് ഉൾപ്പെടെയുള്ളവ പൂർത്തിയായെന്നും ഒരുവർഷത്തിനുള്ളിൽ നിർമ്മാണം പൂർത്തിയാക്കുകയാണ് ലക്ഷ്യമെന്നും അധികൃതർ പറഞ്ഞു. പുത്തുമല, മുണ്ടക്കൈ-ചൂരൽമല ദുരന്തത്തിന്റെ പശ്ചാത്തലത്തിലാണ് ആധുനിക ട്രോമാ കെയർ സംവിധാനം ഒരുക്കുന്നത്. ഇതിനു പുറമെ ഹിന്ദുസ്ഥാൻ ലൈഫ് കെയറുമായി സഹകരിച്ച് സിടി സ്കാൻ ബ്ലോക്കും സജ്ജമാക്കും.

**ഒപ്പം 15 കോടിയുടെ കെട്ടിടവും**

മുണ്ടക്കൈ - ചൂരൽമല ഉരുൾപൊട്ടൽ ദുരന്തത്തിന്റെ പശ്ചാത്തലത്തിൽ സ്പെഷ്യൽ അസിസ്റ്റന്റ് ടു സ്റ്റേറ്റ് ഫോർ കാപിറ്റൽ ഇൻവെസ്റ്റ്മെന്റ് (എസ്.എ.എസ്.സി.ഐ) കേന്ദ്ര പദ്ധതിയിൽ ഉൾപ്പെടുത്തി നിർമ്മിക്കുന്ന കെട്ടിടത്തിന്റെ പ്രാരംഭഘട്ട നടപടികളും പുരോഗമിക്കുകയാണ്. 15 കോടി രൂപ ചെലവിൽ 98 പേരെ കിടത്തിച്ചികിത്സിക്കാനുള്ള സൗകര്യത്തോടെയുള്ളതാണ് ഈ മൂന്നുനില കെട്ടിടവും ഒരുങ്ങുന്നത്.

മാനസികാരോഗ്യ വിഭാഗം, മെഡിക്കൽ ഐസിയു, ഡീ അഡിക്ഷൻ സെന്റർ തുടങ്ങിയവ ഈ കെട്ടിടത്തിലുണ്ടാവും. ദുരന്തങ്ങളെ അതിജീവിച്ചെത്തുന്നവരുടെ മാനസികാരോഗ്യം കൂടി ഉറപ്പാക്കാനാണ് മാനസികാരോഗ്യ കേന്ദ്രവും സ്ഥാപിക്കുന്നത്. ഡി.പി.ആർ തയ്യാറാക്കി അനുമതിക്ക് സമർപ്പിച്ചിട്ടുണ്ടെന്നും അധികൃതർ പറഞ്ഞു. നിലവിൽ വൈത്തിരി താലൂക്ക് ആശുപത്രിയിൽ 129 പേർക്കുള്ള കിടത്തിച്ചികിത്സാ സൗകര്യമാണുള്ളത്. കെട്ടിടനിർമ്മാണം പൂർത്തിയാകുന്നതോടെ 227 പേരെ കിടത്തിച്ചികിത്സിക്കാനുള്ള സൗകര്യമൊരുങ്ങും.

**'റീ എൻട്രി' ഉറപ്പിച്ച് കോട്ടത്തറ**

# ആരോഗ്യകരമായ ജീവിതത്തിലേക്ക്




പാലക്കാട്: ഡൽഹി AIIMS ന് കീഴിൽ അഡിക്ഷൻ ട്രീറ്റ്മെന്റ് ഫെസിലിറ്റി ആയി അംഗീകരിക്കപ്പെട്ട് ദേശീയ ശ്രദ്ധ നേടി അട്ടപ്പാടി കോട്ടത്തറ ട്രൈബൽ താലൂക്ക് സ്പെഷ്യാലിറ്റി ആശുപത്രിയിലെ വിമുക്തി ലഹരി വിമോചന കേന്ദ്രം. കേരളത്തിൽ ആദ്യമായാണ് ഒരു കേന്ദ്രത്തിന് ഇത്തരത്തിൽ ഒരു ബഹുമതി ലഭിക്കുന്നത്. എക്സൈസ് വകുപ്പിന്റെയും ആരോഗ്യവകുപ്പിന്റെയും സംയുക്ത സഹകരണത്തോടെ 2018 ഒക്ടോബർ 29 നാണ് വിമുക്തി ലഹരിവിമോചന കേന്ദ്രം കോട്ടത്തറ ട്രൈബൽ താലൂക് സ്പെഷ്യാലിറ്റി ആശുപത്രിയിൽ പ്രവർത്തനം ആരംഭിക്കുന്നത്. മനുഷ്യജീവിതത്തെ മാറ്റിമറിക്കുന്ന മദ്യം, മയക്കുമരുന്ന്, മറ്റു ലഹരിവസ്തുക്കൾ എന്നിവയോടുള്ള ആസക്തി ഘട്ടം ഘട്ടമായി കൃത്യമായ ചികിത്സയും കൗൺസലിങ്ങും നൽകി സുരക്ഷിതമായി ഡീറ്റോക്സിഫിക്കേഷൻ (ശരീരത്തിൽ നിന്നുള്ള വിഷാംശം നീക്കം ചെയ്യൽ) നടത്തുകയാണ് ഇവിടെ ചെയ്തുവരുന്നത്.

ഇതിനായി സ്റ്റേറ്റ് പ്ലാൻ ഫണ്ട് 56 ലക്ഷവും എൻഎച്ച്എം ഫണ്ട് 40 ലക്ഷവും വിനിയോഗിച്ച് വിപുലമായ സൗകര്യങ്ങളോടെ പുതിയ കെട്ടിടം സജ്ജമാക്കിയിട്ടുണ്ട്. OP, IP ചികിത്സ, കൗൺസിലിംഗ് സെഷനുകൾ, യോഗ ക്ലാസ്സുകൾ, ഇൻഡോർ ഗെയിംസ്, ലൈബ്രറി സൗകര്യം, ടെലിവിഷൻ, കുട്ടികളുടെ പാർക്ക് തുടങ്ങി ലഹരിയുടെ വലയത്തിൽപ്പെട്ട് ചികിത്സ തേടിയെത്തുന്നവർക്ക് ശാരീരികമായും മാനസികമായും പിന്തുണ നൽകിക്കൊണ്ടുള്ള സേവനങ്ങൾ എല്ലാം ഇവിടെ സൗജന്യമായി ലഭ്യമാക്കുന്നുണ്ട്. ഇതുവരെ 5100 ഓളം രോഗികൾക്ക് OP ചികിത്സയും 1260 ഓളം രോഗികൾക്ക് IP ചികിത്സയും ഈ കേന്ദ്രത്തിൽ പൂർത്തിയാക്കിയിട്ടുണ്ട്. ഇതിൽ 2 ശതമാനം പേർ സ്ത്രീകളും 98 ശതമാനം പുരുഷന്മാരും ആണ്. ചികിത്സ തേടിയവരിൽ 70 ശതമാനത്തിന് മുകളിൽ ആളുകളും പൂർണമായും ലഹരിയിൽ നിന്ന് വിമുക്തി നേടി സാധാരണ ജീവിതം നയിക്കുന്നവരാണ്. ഒരു മാസം ശരാശരി 70 പേർക്ക് OP ചികിത്സയും 20 പേർക്ക് IP ചികിത്സയും ഇവിടെ നൽകി വരുന്നു. കഴിഞ്ഞ ഒരു വർഷത്തെ കണക്കെടുത്താൽ കേരളത്തിൽ ഏറ്റവും കൂടുതൽ കിടത്തി ചികിത്സ ലഭ്യമാക്കിയ ലഹരി വിമോചന കേന്ദ്രങ്ങളിൽ ഒന്നാമതാണ് കോട്ടത്തറയിലേത്.

> ഇതുവരെ 5100 ഓളം രോഗികൾക്ക് OP ചികിത്സയും 1260 ഓളം രോഗികൾക്ക് IP ചികിത്സയും ഈ കേന്ദ്രത്തിൽ പൂർത്തിയാക്കിയിട്ടുണ്ട്

കിടത്തി ചികിത്സയ്ക്കായി 25 ബെഡ് അടങ്ങുന്ന പ്രത്യേക കെട്ടിടവും, 24 മണിക്കൂർ അഡ്മിഷൻ സൗകര്യവും, ആരോഗ്യ ഇൻഷുറൻസ് പരിരക്ഷയും ഇവിടെ ലഭ്യമാണ്. ഇതു കൂടാതെ എക്സൈസ് വകുപ്പ് ഉദ്യോഗസ്ഥരുടെ മേൽനോട്ടത്തിൽ ബോധവൽക്കരണ ക്ലാസ്സുകൾ, ആൽക്കഹോൾ അനോണിമസ് ഗ്രൂപ്പ് (ALCHOHOLANONYMOUSGROUP) പോലെയുള്ള സർക്കാരിതര സംഘടനകളുടെ സേവനങ്ങൾ എന്നിവ കേന്ദ്രത്തെ ശക്തിപ്പെടുത്തുന്നു. ആദിവാസി മേഖലയായ അട്ടപ്പാടിയിൽ സ്ഥിതി ചെയ്യുന്നതിനാൽ ലഹരിമുക്തി ചികിത്സയ്ക്കെത്തുന്നവരിൽ 40 ശതമാനത്തോളം പേരും ആദിവാസി വിഭാഗത്തിൽപ്പെടുന്നവരാണ്. ഇവർക്ക് ഭക്ഷണവും ചികിത്സയും എല്ലാം പൂർണമായും സൗജന്യമായാണ് ഇവിടെ നൽകിവരുന്നത്. സമീപജില്ലകളായ മലപ്പുറം, തൃശൂർ, കോഴിക്കോട് എന്നിവിടങ്ങളിൽ നിന്നും നിരവധി പേർ ചികിത്സക്കായി കോട്ടത്തറയിൽ എത്തുന്നുണ്ട്. ലഹരിയോടുള്ള ആസക്തി, അവ വരുത്തി വയ്ക്കുന്ന സാമൂഹിക വിപത്തുകൾ എല്ലാം ആശങ്കപ്പെടുത്തും വിധം ഉയർന്നുവരുന്ന കാലത്ത് ജീവനക്കാരുടെ കുറവ് അടക്കമുള്ള പരിമിതികളെല്ലാം അതിജീവിച്ച് മുന്നേറുകയാണ് ഈ കേന്ദ്രം. കേരളത്തിൽ തന്നെ സർക്കാർ മേഖലയിൽ മികച്ച ലഹരി വിമുക്തി ചികിത്സ മാതൃകാപരമായി നൽകിവരുന്ന ഉത്തമകേന്ദ്രമാണ് കോട്ടത്തറ ലഹരിവിമോചന കേന്ദ്രം.

**നവീകരണ പാതയിൽ**

# ചങ്ങനാശ്ശേരി ജനറൽ ആശുപത്രി



ചങ്ങനാശേരി ജനറൽ ആശുപത്രിയുടെ പുതിയ കെട്ടിടത്തിന്റെ ഉദ്ഘാടനം ആരോഗ്യവകുപ്പ് മന്ത്രി വീണാ ജോർജ് നിർവഹിക്കുന്നു

കോട്ടയം: ദേശീയ ആരോഗ്യ ദൗത്യം പദ്ധതിയിലൂടെ 1 കോടി രൂപ ചിലവഴിച്ച് നിർമ്മിച്ച ലാമിനാർ നേത്ര രോഗ വിഭാഗം ഓപ്പറേഷൻ തിയേറ്റർ, 1.87 കോടി രൂപയിൽ നിർമ്മിച്ച മലിന ജല സംസ്കരണ പ്ലാന്റ് എന്നിങ്ങനെ അതി നൂതന വിഭാഗങ്ങൾ പ്രവർത്തന സജ്ജമാക്കി ചങ്ങനാശേരി ജനറൽ ആശുപത്രി. വായുവിലൂടെ പകരുന്ന അണുബാധ പൂർണമായി ഒഴിവാക്കാനും ഓപ്പറേഷൻ തിയറ്ററിലേക്ക് വരുന്ന വായു പൂർണമായും ഫിൽറ്റർ ചെയ്യപ്പെടുന്നതിനും ലാമിനാർ ഓപ്പറേഷൻ തീയേറ്റർ സംവിധാനം പ്രധാന പങ്ക് വഹിക്കുന്നു. ഓർത്തോ, ഒഫ്താൽ, ട്രാൻസ്പ്ലാന്റേഷൻ എന്നീ സർജറികൾക്കും ഇത്തരം സംവിധാനങ്ങൾ അത്യന്താപേക്ഷിതമാണ്.

സംസ്ഥാന സർക്കാരിന്റെ കിഫ്ബി (KIFBI) പദ്ധതിയിലൂടെ ആശുപത്രിയുടെ വികസനത്തിനായി അഞ്ചു നിലകളിലായി 80.41 കോടി രൂപ ചിലവഴിച്ചു. ഇതോടൊപ്പം പുതിയ ആശുപത്രി കെട്ടിടവും ആർദ്രം പദ്ധതി മുഖേന 2.05 കോടി രൂപ ചിലവഴിച്ച് നടപ്പിലാക്കുന്ന അസ്ഥിരോഗ വിഭാഗം ഓ.പി, ഫിസിയോ തെറാപ്പി ബ്ലോക്ക് എന്നിവയുടെ നിർമ്മാണ പ്രവർത്തനങ്ങളും ആരംഭിച്ചിരിക്കുകയാണ്. കോട്ടയം ജില്ലയിലെ രോഗികൾക്കൊപ്പം ആലപ്പുഴ, പത്തനംതിട്ട ജില്ലയിൽ നിന്നുള്ള രോഗികളും കൂടി ആശ്രയിക്കുന്ന ആരോഗ്യ സ്ഥാപനമാണിത്. ചങ്ങനാശേരി ജനറൽ ആശുപത്രിയിൽ നടന്ന ചടങ്ങിൽ പൂർത്തീകരിച്ച പദ്ധതികളുടേയും പുതിയ കെട്ടിടത്തിന്റെ നിർമാണ ഉദ്ഘാടനവും ആരോഗ്യവകുപ്പ് മന്ത്രി വീണാ ജോർജ് നിർവഹിച്ചു. ചടങ്ങിൽ ജോബ് മൈക്കിൾ എം.എൽ.എ. അധ്യക്ഷത വഹിച്ചു.

**ജനഹൃദയങ്ങൾ ഏറ്റെടുത്ത്**

# കോട്ടയം മെഡിക്കൽ കോളേജ് ആശുപത്രി



കോട്ടയം മെഡിക്കൽ കോളേജിലെ നവീകരിച്ച കാർഡിയോളജി വിഭാഗം

കോട്ടയം: കേരളത്തിൽ കഴിഞ്ഞ വർഷം ഏറ്റവുമധികം ഇന്റർവെൻഷനൽ കാർഡിയോളജി ചികിത്സകൾ നടത്തിയത് കോട്ടയം മെഡിക്കൽ കോളേജിൽ. സ്വകാര്യ സർക്കാർ മേഖലയിലെ മെഡിക്കൽ കോളേജുകൾ ഉൾപ്പെടെയുള്ള ആശുപത്രികളിൽ ആൻജിയോഗ്രാം, ആൻജിയോപ്ലാസ്റ്റി, പേസ്മേക്കർ, കുട്ടികളിലെ ഹൃദ്രോഗ ചികിത്സ എന്നിവ ഉൾപ്പെടെയുള്ള ഇന്റർവെൻഷണൽ കാർഡിയോളജി ചികിത്സകളിലാണ് മെഡിക്കൽ കോളേജിലെ കാർഡിയോളജി വിഭാഗം മികച്ച നേട്ടം കൈവരിച്ചത്.

ഇന്റർവെൻഷനൽ കാർഡിയോളജി കൗൺസിൽ ഓഫ് കേരളയുടെ (ഐ.സി.സി.കെ) കണക്ക് പ്രകാരം ഒന്നാമതായ കോട്ടയം മെഡിക്കൽ കോളേജിൽ 5 ജില്ലകളിൽ നിന്നുള്ള രോഗികൾ കാർഡിയോളജി വിഭാഗത്തിലെത്തി ആരോഗ്യസേവനങ്ങൾ നേടുന്നുണ്ട്. 24 മണിക്കൂറുമുള്ള പ്രൈമറി ആൻജിയോപ്ലാസ്റ്റി ചികിത്സ, ആൻജിയോഗ്രാം പരിശോധന, പേസ്മേക്കർ, ഐസിഡി, ശസ്ത്രക്രിയ കൂടാതെയുള്ള അയോർട്ടിക് വാൽവ് മാറ്റിവയ്ക്കൽ (ടിഎവിഐ), കുട്ടികളിലെ ഹൃദ്രോഗ ചികിത്സ തുടങ്ങിയ ആധുനിക ചികിൽസകളും ഇവിടെ ലഭ്യമാണ്.

**മലമ്പനിക്കെതിരെ ഇടുക്കിയുടെ**

# 'ബീറ്റ് ദി ബൈറ്റ്സ്' മാതൃകാ കാമ്പയിൻ തയ്യാർ

ഇടുക്കി: കൂടുതൽ നീതിയുക്തമായ ലോകത്തിനായി മലേറിയക്കെതിരായ പോരാട്ടം ത്വരിതപ്പെടുത്തുക എന്ന സന്ദേശം മുൻനിർത്തി ഇടുക്കി ജില്ലയിൽ 'ബീറ്റ് ദി ബൈറ്റ്സ്' കാമ്പയിന് തുടക്കമായി. ജില്ലയിൽ അതിഥി തൊഴിലാളികൾക്കിടയിൽ മലമ്പനിയുടെ സാന്നിധ്യം കൂടുതൽ റിപ്പോർട്ട് ചെയ്ത സാഹചര്യത്തിലാണ് വിപുലമായ ബോധവത്കരണ കാമ്പയിനുമായി ആരോഗ്യവകുപ്പ് മുന്നിട്ടിറങ്ങുന്നത്. ആഗസ്റ്റ് 20 മുതൽ നവംബർ 20 വരെ നീണ്ടു നിൽക്കുന്ന കാമ്പയിന്റെ ഭാഗമായി ജില്ലയിലെ 54 തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ അതിഥി തൊഴിലാളികളെയും തൊഴിൽ ദാതാക്കളെയും പങ്കെടുപ്പിക്കുന്ന രീതിയിലാണ് പദ്ധതി വിഭാവനം ചെയ്തിരിക്കുന്നത്.



പൊതുജനാരോഗ്യവിഭാഗം വൈകുന്നേരങ്ങളിലും രാത്രികളിലുമായി എല്ലാ അതിഥി തൊഴിലാളികളുടെയും താമസ സ്ഥലങ്ങളിലും ഒത്തുചേരുന്ന സ്ഥലങ്ങളിലുമായി എത്തിച്ചേർന്ന് സ്ക്രീനിംഗ് പൂർത്തിയാക്കുകയാണ് പദ്ധതിയുടെ ആദ്യ ലക്ഷ്യം. കൂടാതെ തൊഴിൽ ദാതാക്കളെ വിപുലമായ ബോധവത്കരണ പദ്ധതികളിലൂടെ മലമ്പനിയെക്കുറിച്ചും രോഗത്തെ നേരത്തെ തിരിച്ചറിയേണ്ടതിന്റെ ആവശ്യകതയെക്കുറിച്ചും അവബോധം സൃഷ്ടിക്കുക എന്നതും പദ്ധതിയുടെ പ്രധാന ലക്ഷ്യങ്ങളിലൊന്നാണ്. ഇതിനായി വീഡിയോ പ്രദർശനവും വിവധ ഭാഷകളിലുള്ള ബോധവത്കരണ സാമഗ്രഹികളും ജില്ല തയ്യാറാക്കി വരുന്നു. കൂടാതെ അതിഥി തൊഴിലാളികളുടെ വാസസ്ഥലത്ത് ടെസ്റ്റിംഗ് ക്യാമ്പുകളും സംഘടിപ്പിക്കാൻ തീരുമാനിച്ചിട്ടുണ്ട്. ചികിത്സ തേടി രോഗവിമുക്തരായ തൊഴിലാളികളുടെ തദ്ദേശീയമായ ഭാഷകളിലുള്ള വീഡിയോ സന്ദേശങ്ങളും പദ്ധതിയിലൂടെ വിതരണം ചെയ്യുന്നു. ഇതിനായി ജില്ലയിലെ വിവിധ മാധ്യമ മേഖലകളുടെയും ഇതര വകുപ്പുകളുടെയും സഹകരണവും സോഷ്യൽ മീഡിയയുടെ വിനിയോഗവുമാണ് പദ്ധതി ലക്ഷ്യം വയ്ക്കുന്നത്.

# കണ്ണൂർ ജില്ലാ ആശുപത്രി ഇനി സൂപ്പർ സ്പെഷ്യൽ



61.72 കോടി രൂപ ചെലവിൽ അഞ്ചു നിലകളിലായാണു കെട്ടിടം നിർമ്മിച്ചിരിക്കുന്നത്. സിവിൽ ജോലികൾ 39.8 കോടി രൂപയും ഇലക്ട്രിക്കൽ ജോലികൾ 21.90 കോടി രൂപയും ചെലവഴിച്ചാണ് പൂർത്തിയാക്കിയത്

കണ്ണൂർ : കണ്ണൂർ ജില്ലയുടെ ആരോഗ്യരംഗത്ത് പുതിയ ചുവടുവെയ്പ്പായി ജില്ലാ ആശുപത്രിയിലെ സൂപ്പർ സ്പെഷ്യാലിറ്റി ബ്ലോക്ക് മുഖ്യമന്ത്രി പിണറായി വിജയൻ നാടിന് സമർപ്പിച്ചു.

പ്രതിദിനം മൂവായിരത്തിലേറെ രോഗികൾ എത്തുന്ന, ജില്ലയിലെ ഏറ്റവും വലിയ ആതുരാലയമാണ് കണ്ണൂർ ജില്ലാ ആശുപത്രി. വിവിധ സ്പെഷ്യാലിറ്റി സേവനങ്ങൾ രോഗീ സൗഹൃദമാക്കുന്നതിന്റെയും സർക്കാരിന്റെ ആരോഗ്യ മേഖലയിലെ ഇടപെടലുകളുടെയും ഭാഗമായി കണ്ണൂർ ജില്ലാ ആശുപത്രി വികസനത്തിന്റെ ഒന്നാം ഘട്ടത്തിൽ ഉൾപ്പെടുത്തിയാണ് സൂപ്പർ സ്പെഷ്യാലിറ്റി കെട്ടിടം നിർമിച്ചത്. 61.72 കോടി രൂപ ചെലവിൽ അഞ്ചു നിലകളിലായാണു കെട്ടിടം നിർമ്മിച്ചിരിക്കുന്നത്. സിവിൽ ജോലികൾ 39.8 കോടി രൂപയും ഇലക്ട്രിക്കൽ ജോലികൾ 21.90 കോടി രൂപയും ചെലവഴിച്ചാണ് പൂർത്തിയാക്കിയത്. അഞ്ചു നിലകൾക്കും 1254 ചതുരശ്ര മീറ്റർ വീതം വിസ്തീർണമുണ്ട്.

ഏറ്റവും താഴത്തെ നിലയിൽ സ്വീകരണ കേന്ദ്രം, വാഹന പാർക്കിങ്, 110 കെ.വി, സബ്സ്റ്റേഷൻ എന്നിവയാണ് ഒരുക്കിയിട്ടുള്ളത്.

ഒന്നാം നിലയിൽ 150 പേരെ ഉൽക്കൊള്ളുന്ന, കാത്തിരിപ്പു ലോഞ്ചോടു കൂടിയ 9 ഒപി പരിശോധനാമുറികൾ, യു.പി.എസ് റൂം, ഫാർമസി, ശുചിമുറികൾ തുടങ്ങിയവയാണ് നിർമിച്ചിട്ടുള്ളത്. രണ്ടാം നിലയിൽ 3 മോഡുലാർ ഓപ്പറേഷൻ തിയറ്ററുകൾ, നഴ്സിംങ് സ്റ്റേഷൻ, ഡോക്ടറുടെ മുറി, പ്രീ–അനസ്തേഷ്യ റൂം, മെഡിക്കൽ – സർജിക്കൽ ഐസിയുകൾ, കാത്തിരിപ്പ് കേന്ദ്രം, നഴ്സ് റൂം, അനസ്തേഷ്യ കൺസൾട്ടേഷൻ റൂം, ശുചിമുറികൾ എന്നിവയുണ്ടാകും. മൂന്നാം നിലയിൽ 30 കിടക്കകളുള്ള ജനറൽ വാർഡ്, 22 മെഷിനുകളോട് കൂടിയ ഡയാലിസിസ് യൂണിറ്റ്, പെരിറ്റോണിയൽ ഡയാലിസിസ് റൂം, പോസ്റ്റ് ഡയാലിസിസ് റൂം, കാത്തിരിപ്പു കേന്ദ്രം, 5 പേ വാർഡുകൾ, സ്റ്റോർ സംവിധാനങ്ങൾ എന്നിവയാണ് ഉണ്ടാവുക.

നാലാം നിലയിൽ 30 കിടക്കകളുള്ള ജനറൽ വാർഡ്, നഴ്സിംങ് സ്റ്റേഷൻ, ശുചിമുറികൾ എന്നിവ ഒരുക്കിയിരിക്കുന്നു. പുതിയ കെട്ടിടത്തിൽ കാർഡിയോളജി, നെഫ്രോളജി, ഒങ്കോളജി വിഭാഗം ഒപികൾ, മൂന്ന് ഓപ്പറേഷൻ തിയറ്ററുകൾ, 3 പോസ്റ്റ് ഓപ്പറേറ്റീവ് വാർഡുകൾ, മെഡിക്കൽ ഐസിയുകൾ, സർജിക്കൽ ഐസിയുകൾ, ഡയാലിസിസ് യൂണിറ്റ്, വിവിധ നിലകളിലായി 23 എക്സിക്യൂട്ടിവ് പേ വാർഡുകൾ എന്നിവ ഒരുക്കിയിട്ടുണ്ട്.

ശുദ്ധജല ശേഖരണ സംവിധാനം. 1,30,000 ലിറ്ററിന്റെ ഓവർഹെഡ് ടാങ്ക്, മലിനജല സംസ്കരണ പ്ലാന്റ്, ഇതുമായി ബന്ധിപ്പിക്കുന്ന പുതിയ അഴുക്കു ചാൽ സംവിധാനം, ഇതിന്റെ അറ്റകുറ്റപ്പണികൾ സുഗമമാക്കുന്നതിനായി മാൻഹോളുകൾ, പൈപ്പ് ലൈൻ ശൃംഖല, ആന്തരിക റോഡുകൾ, ചുറ്റുമതിൽ എന്നിവയും ഇതിന് അനുബന്ധമായി നിർമിച്ചിട്ടുണ്ട്. കെട്ടിടത്തിൽ 2 ലിഫ്റ്റുകളും പ്രവർത്തന സജ്ജമാണ്.

നിലവിൽ ജനറൽ മെഡിസിൻ, ജനറൽ സർജറി, അസ്ഥിരോഗം, പ്രസവം, ഡന്റൽ, സൈക്യാട്രി, നെഫ്റോളജി, കാർഡിയോളജി, നെഞ്ചുരോഗം, ഇ.എൻ.ടി, ത്വക് രോഗം, ശിശുരോഗം, ഫിസിക്കൽ മെഡിസിൻ ആന്റ് റിഹാബിലിറ്റേഷൻ തുടങ്ങിയ ഒ.പി. സേവനങ്ങൾ ആശുപത്രിയിൽ ലഭ്യമാണ്. കൗമാര ക്ലീനിക്, ജീവിതശൈലി രോഗ ക്ലിനിക്, അത്യാഹിത വിഭാഗം, രക്തബാങ്ക് എന്നിവയും മികച്ച നിലയിൽ പ്രവർത്തിച്ചു വരുന്നുണ്ട്. ഡോക്ടർമാർക്കും പാരാമെഡിക്കൽ ജീവനക്കാർക്കും പരിശീലനം നൽകുന്ന ജില്ലാ–പാലിയേറ്റിവ് കെയർ പരിശീലന കേന്ദ്രവും ജില്ലാ ആശുപത്രിയിലാണു പ്രവർത്തിച്ചു വരുന്നത്.

**ഉണർവോടെ ഉദുമ**

## ആരോഗ്യ മേഖലയിൽ പുത്തൻ നേട്ടങ്ങൾ



കാസർഗോഡ്: ജില്ല സമഗ്ര ആരോഗ്യ വികസന പാതയിലാണ് എന്ന് അക്ഷരാർത്ഥത്തിൽ തെളിയിച്ച് ഉദുമ നിയോജക മണ്ഡലം. കാറഡുക്ക ബ്ലോക്ക് പഞ്ചായത്തിന്റെ കീഴിൽ പുതുതായി സജ്ജീകരിച്ച പബ്ലിക് ഹെൽത്ത് യൂണിറ്റും, ഉദുമ കുടുംബാരോഗ്യ കേന്ദ്രത്തിൽ പുതുതായി നിർമ്മിച്ച അഡ്മിനിസ്ട്രേറ്റീവ് ബ്ലോക്കും ഉദുമ നിയോജകമണ്ഡലം എം.എൽ.എ സി എച്ച് കുഞ്ഞമ്പു നാടിനു സമർപ്പിച്ചു. വിവിധ വർഷങ്ങളിലെ ഹെൽത്ത് ഗ്രാന്റ് ഉപയോഗിച്ച് നവീകരണവും ആധുനിക സൗകര്യങ്ങൾ ഉൾപ്പെടുത്തി വിപുലീകരിക്കുകയും ചെയ്ത പബ്ലിക് ഹെൽത്ത് ലാബ് ആധുനിക രോഗനിർണയ സൗകര്യങ്ങളോടെ ജില്ലക്ക് മുതൽക്കൂട്ടാവും. നിലവിൽ ഹബ്ബ് & സ്പോക്ക് ലാബായി പ്രവർത്തിക്കുന്ന ലാബിൽ ഫുള്ളി ഓട്ടോമാറ്റിക് ബയോകെമിസ്ട്രി അനലൈസർ, സെമി ഓട്ടോമാറ്റിക് ബയോകെമിസ്ട്രി അനലൈസർ എന്നിവ സജ്ജമാണ്. 55 ലക്ഷം രൂപ ചെലവഴിച്ചാണ് ഈ പ്രവർത്തികൾ പൂർത്തീകരിച്ചത്.

പബ്ലിക് ഹെൽത്ത് ലാബ് സജീവമാകുന്നതോടുകൂടി ജില്ലയിലെ കിഴക്കൻ മലയോര മേഖലയിലെ രോഗികൾക്ക് ആശ്വാസമാകും. കൂടാതെ വിവിധ ആശുപത്രികളിൽ നിന്നുള്ള സാമ്പിളുകൾ ഉയർന്ന പരിശോധനയ്ക്ക് വിധേയമാവുകയും ചെയ്യും. നിലവിൽ എപ്പിഡമിയോളജിസ്റ്റ്, ഡാറ്റാ മാനേജർ, ലാബ് ടെക്നീഷ്യന്മാർ, ലാബ് അസിസ്റ്റൻറ് എന്നിവരുടെ സേവനം ഇവിടെ ലഭ്യമാണ്.

കാസർകോട് വികസന പാക്കേജിലൂടെ ഭരണാനുമതി ലഭിച്ച 55 ലക്ഷം രൂപ വിനിയോഗിച്ചാണ് ദിവസേന 300 രോഗികൾ ചികിത്സ തേടുന്ന ആശുപത്രിയിൽ പുതിയ അഡ്മിനിസ്ട്രേറ്റീവ് ബ്ലോക്ക് നിർമ്മിച്ചത്. മെഡിക്കൽ ഓഫീസർ, പബ്ലിക് ഹെൽത്ത് വിഭാഗം, ഓഫീസ്, കോൺഫറൻസ് ഹാൾ എന്നിവ ഇവിടെ പ്രവർത്തിക്കും. കുടുംബാരോഗ്യ കേന്ദ്രമായി ഉയർത്തിയ ഈ ആശുപത്രിയിൽ മൂന്ന് മെഡിക്കൽ ഓഫീസർമാരുടെ സേവനവും, വൈകുന്നേരങ്ങളിലെ ഒ.പിയും കൂടാതെ ആർദ്രം നിലവാരത്തിലുള്ള ഫാർമസി, ലബോറട്ടറി ഉൾപ്പെടെയുള്ള എല്ലാ സേവനങ്ങളും ലഭ്യമാണ്. ആശുപത്രിയുടെ ഭൗതിക സാഹചര്യങ്ങളുടെ വികസനത്തിലൂടെ ആശുപത്രി പൂർണമായും രോഗികൾക്ക് പുത്തൻ ഉണർവാണ്.





> അപ്പൊ നിങ്ങൾക്ക് ധൈര്യമായിട്ട് ഞാനീ ബീച്ച് ഹോസ്പിറ്റലിലുള്ള ഡി.ഇ.ഐ.സി റഫർ ചെയ്യുകയാണ്

# നല്ലോരു ഓപ്ഷനാണ് ഡി.ഇ.ഐ.സി

കോഴിക്കോട്: എന്റെ പേര് മുഫീദ, എലത്തൂരാണ് വീട്, എന്റെ മകന് സംസാരിക്കാൻ ചെറുപ്പത്തിലേ ചെറിയ ബുദ്ധിമുട്ടുണ്ടായിരുന്നു. പക്ഷെ അന്ന് എല്ലാവരും പറഞ്ഞു അങ്കണവാടിയിലും സ്കൂളിലും എല്ലാം പോയി കഴിഞ്ഞാൽ അത് റെഡിയായിക്കോളും എന്ന്. പിന്നെ കഴിഞ്ഞ വർഷം മുതൽ മോൻ ഭയങ്കര ശബ്ദത്തിൽ സംസാരിക്കാൻ തുടങ്ങി. അപ്പോ എന്റെ ഫാദറാണ് പറഞ്ഞത് അവന് ചെവിക്കെന്തെങ്കിലും ബുദ്ധിമുട്ട് ഉണ്ടായിരിക്കും, സംസാരം ഭയങ്കര ഒച്ചത്തിൽ ആണെന്ന്. അങ്ങിനെ ഇവിടെത്തന്നെ ഇ.എൻ.ടി സെക്ഷനിൽ കാണിച്ചു. അപ്പോ അവിടുന്ന് ഒരാഴ്ച്ച മരുന്നൊക്കെ തന്ന് ചെവിയിലെ വാക്സ് ഒക്കെ ക്ലിയർ ചെയ്തു, ഹിയറിംഗ് ടെസ്റ്റ് ചെയ്തു. പക്ഷെ കേൾവിക്ക് ഒരു പ്രശ്നവും ഇല്ലായെന്നു പറഞ്ഞു. ഇങ്ങനെ പഠിത്തത്തിന്റെ ബുദ്ധിമുട്ടും സംസാരിക്കാനുള്ള ബുദ്ധിമുട്ടും പറഞ്ഞപ്പോ അവിടുത്തെ ചേച്ചിയാണ് പറഞ്ഞത് നിങ്ങൾ ഡി.ഇ.ഐ.സി യിൽ ഒന്ന് കാണിച്ചുനോക്കൂ എന്ന്. അങ്ങിനെ അന്ന് അവിടുന്നു തന്നെ ഒ.പി ഷീറ്റ് എടുത്ത് ഡി.ഇ.ഐ.സി യിൽ വന്നു, അപ്പോ അവർ സ്പീച്ച് തെറാപ്പിയിലേക്ക് റെക്കമന്റ് ചെയ്തു, പിന്നെ ഓരോരോ സെക്ഷനായിട്ട് സ്പീച്ച് തെറാപ്പിയും സ്പെഷ്യൽ എജ്യുക്കേഷനും അവന് കൊടുത്തു തുടങ്ങി.

അന്ന് അവൻ വന്ന സമയത്ത് അവൻ പറയുന്ന സംസാരം ക്ലിയർ അല്ല, അക്ഷരങ്ങളറിയുകയോ അല്ലെങ്കിൽ അക്ഷരങ്ങൾ കൂട്ടിവായിക്കാനൊക്കെ നല്ല ബുദ്ധിമുട്ടുണ്ടായിരുന്നു, അതിന്റെ ബുദ്ധിമുട്ട് സ്പീച്ചിലും കാണാൻ തുടങ്ങി. പക്ഷെ ഇപ്പോ ഒരു വർഷത്തോളം ആയി നല്ലൊരു മാറ്റമാണ് അവന് വന്നിട്ടുള്ളത്. എനിക്ക് തന്നെ വിശ്വസിക്കാൻ ബുദ്ധിമുട്ടുണ്ട്, അവൻ നന്നായിട്ട് വായിക്കാൻ തുടങ്ങി മലയാളം കൂട്ടി വായിക്കാനും, മലയാളം എഴുതാനും പറ്റുന്നുണ്ട്. ഇപ്പൊ ഇംഗ്ലീഷിലേക്ക് സ്റ്റാർട്ട് ചെയ്തിട്ടുണ്ട്, ഞാൻ തന്നെ പ്രതീക്ഷിച്ചില്ല അവന് ഇങ്ങനത്തെ ഒരു മാറ്റം ഉണ്ടാകുമെന്ന്. അങ്ങിനെ എന്തുകൊണ്ടും നമുക്ക് നല്ലൊരു ഓപ്ഷനാണ് ഡി.ഇ.ഐ.സി യെന്ന് പറയുന്നത്. സ്പീച്ച് തെറാപ്പിസ്റ്റും, സ്പെഷ്യൽ എജ്യുക്കേഷനും നന്നായിട്ട് തന്നെ അവന് കിട്ടിക്കൊണ്ടിരിക്കുന്നു. ഡി.ഇ.ഐസിയെയും, സേവനത്തെയും കുറിച്ച് ആളുകൾക്കു അറിവ് കുറവാണ്, ഞാൻ ഒരുപാട് പേർക്ക് റഫർ ചെയ്ത് കൊടുത്തിട്ടുണ്ട്, ഒന്നുരണ്ട് പേര് അതിന് ശേഷം ഡി.ഇ.ഐ.സിയിൽ വന്ന് തുടങ്ങിയിട്ടുമുണ്ട്.

ഇനിയും ഞാൻ ഇതുതന്നെയാ പറയുന്നത്, നമുക്ക് മക്കളിലുണ്ടാകുന്ന ബുദ്ധിമുട്ടുകൾ ഒരു മടിയും കൂടാതെ നമ്മൾ പുറത്തേക്ക് കൊണ്ടുവരണം. പല ആൾക്കാരും മടി വിചാരിച്ചിട്ടാണ് ഇങ്ങോട്ട് വരാൻ മടിക്കുന്നത്, മക്കൾക്ക് വലിയ എന്തോ അസുഖമാണ് അല്ലെങ്കിൽ സമൂഹത്തിൽ അത് നമുക്ക് തുറന്ന് കാട്ടാൻ ഒരു ബുദ്ധിമുട്ടുണ്ട് എന്നുള്ളത്. സ്പീച്ച് തെറാപ്പിയും സ്ഷ്യെൽ എജ്യുക്കേഷനും മാത്രമല്ല ഫിസിയോയും, ഡെന്റലും, കണ്ണും, തുടങ്ങി കുഞ്ഞിന്റെ എല്ലാ പ്രശ്നങ്ങൾ ക്ലിയർ ആയിട്ടുണ്ട്.

നിങ്ങളുടെ മക്കൾക്ക് ആർക്കെങ്കിലും സംസാരത്തിലോ അല്ലെങ്കിൽ എഴുതാനും വായിക്കാനുമൊക്കെ ബുദ്ധിമുട്ടുണ്ടെങ്കിൽ നിങ്ങൾക്ക് ധൈര്യമായിട്ട് ഇങ്ങോട്ടേക്ക് വരാം. നല്ല മാറ്റം നിങ്ങളുടെ മക്കളിൽ കാണാൻ പറ്റും. ഞാൻ എന്റെ മകന്റെ ഉദാഹരണമാണ് പറയുന്നത്. ഒരു വർഷത്തോളായിട്ട് എനിക്ക് അനുഭവമുണ്ട്, അവന് വന്ന മാറ്റം. അവന്റെ ടീച്ചേഴ്സ് ആണെങ്കിലും എടുത്ത് പറയുന്നുണ്ട് അവന് വന്ന മാറ്റം എന്നുള്ളത്. അപ്പൊ നിങ്ങൾക്ക് ധൈര്യമായിട്ട് ഞാനീ ബീച്ച് ഹോസ്പിറ്റലിലുള്ള ഡി.ഇ.ഐ.സി റഫർ ചെയ്യുകയാണ്.

മുഫീദ
എലത്തൂർ, കോഴിക്കോട്

ഭാര്യക്ക് സ്നേഹോപഹാരം

# വിരമിക്കാത്ത ദാമ്പത്യം



തിരുവനന്തപുരം: മൂന്നു പതിറ്റാണ്ട് പിന്നിട്ട ദാമ്പത്യത്തിന് ഭാര്യയ്ക്ക് ഉപഹാരം സമ്മാനിച്ച് ഭർത്താവ്. 33 വർഷം ആരോഗ്യവകുപ്പിൽ സേവനം പൂർത്തിയാക്കി വിരമിച്ചപ്പോഴാണ് ഭാര്യ ജിജിയെ ഉപഹാരം നൽകി സുഭാഷ് ആദരിച്ചത്. യാത്രയയപ്പ് ചടങ്ങിൽ നടന്ന വ്യത്യസ്തമായ അനുഭവം കയ്യടിയോടെയും കണ്ണീരോടെയുമാണ് സഹപ്രവർത്തകർ സ്വീകരിച്ചത്. പാങ്ങപ്പാറ ഇന്റഗ്രേറ്റഡ് ഫാമിലി ഹെൽത്ത് സെന്ററിലെ ഹെൽത്ത് സൂപ്പർവൈസർ ടി.എസ്. സുഭാഷ് ആണ് യാത്രയയപ്പ് ചടങ്ങിൽ സഹപ്രവർത്തകർക്ക് ഉപഹാരങ്ങൾ നൽകിയതിനൊപ്പം തന്റെ ഭാര്യ ജിജിക്കും ഉപഹാരം നൽകിയത്. 30 വർഷം പിന്തുണയായിനിന്ന ഭാര്യയെ എല്ലാരുടെയും മുന്നിൽ വച്ച് അനുമോദിക്കണമെന്നത് സുഭാഷിന്റെ ആഗ്രഹമായിരുന്നു. ഇരുവരും തമ്മിലുണ്ടായ സംഭാഷണമാണ് ഈ മനോഹരമായ നിമിഷത്തിന് കാരണമാകുന്നത്.

ഇനി നമുക്ക് ധാരാളം യാത്രകൾ പോകണം എന്ന് വിരമിക്കൽ ചടങ്ങുമായി ബന്ധപ്പെട്ട ചർച്ചക്കിടെ ജിജി പറഞ്ഞു. വിരമിക്കുന്നത് ആരാണ് എന്നായി സുഭാഷ്. മറുപടിയായി വീട്ടമ്മമാർക്ക് വിരമിക്കൽ ഇല്ലല്ലോ അല്ലേ എന്ന കുറിക്ക് കൊള്ളുന്ന ചോദ്യം. ഉള്ളിൽ തറച്ച ആ വാക്കുകൾക്ക് മുന്നിൽ സുഭാഷിന്റെ ഉത്തരം മൗനമായി.

30 വർഷത്തിനിപ്പുറം തന്നെയും മക്കളെയും നോക്കുന്ന ഭാര്യയ്ക്ക് എന്ത് സ്നേഹോപഹാരം നൽകിയാൽ മതിയാകും എന്നതായി സുഭാഷിന്റെ ചിന്ത.

അങ്ങനെ സഹപ്രവർത്തകരെ ആദരിക്കാമെന്ന ആശയം കണ്ടെത്തി. ഒപ്പം ജീവിതസഖി ജിജിയെ അനുമോദിക്കാനുള്ള വേദിയും. വീട്ടിൽ നിന്ന് രണ്ട് ഫലകങ്ങളും ആരോഗ്യ കേന്ദ്രത്തിലെ ചടങ്ങിലെത്തിച്ചത് ജിജി ആയിരുന്നു. അവസാന നിമിഷം വരെ വിരമിക്കാത്ത ദാമ്പത്യത്തിന് ഭർത്താവ് തനിക്കായി ഒരുക്കിയ 'സർപ്രൈസ്' ആണ് കൈയിലിരിക്കുന്നതെന്ന് ജിജിയും കരുതിയില്ല. ഭാര്യ 'മഹാ പ്രസ്ഥാനം' ആണെന്നാണ് സുഭാഷ് സഹപ്രവർത്തകരോട് വിശദീകരിച്ചത്.

ബിഎഡ്, കംപ്യൂട്ടർ എന്നിങ്ങനെ ബിരുദങ്ങൾ പലതുണ്ടെങ്കിലും ജീവിത സാഹചര്യങ്ങൾക്ക് അനുസരിച്ച് വീട്ടിലൊതുങ്ങാനായിരുന്നു ജിജിയുടെ തീരുമാനം. ഇതിനുള്ള നന്ദി കൂടിയാണ് സുഭാഷ് ഉപഹാരത്തിലൂടെ നൽകിയത്. ആറ്റിങ്ങൽ മാമം സ്വദേശിയായ സുഭാഷും ജിജിയും പാപ്പനംകോട് വിശ്വംഭരൻ റോഡിലാണ് ഇപ്പോൾ താമസം. മക്കളായ വിഷ്ണുവും മഹിമയും മരുമകൻ സൂരജും കൊച്ചുമകൾ നൈനികയും ഒപ്പമുണ്ട്.

ആരോഗ്യ കേരളം മുന്നോട്ട്

# 262 ആശുപത്രികൾ ദേശീയ ഗുണനിലവാരത്തിൽ



തിരുവനന്തപുരം: സംസ്ഥാനത്തെ 7 ആരോഗ്യ സ്ഥാപനങ്ങൾക്ക് കൂടി ദേശീയ ഗുണനിലവാര അംഗീകാരങ്ങൾ ലഭിച്ചതായി ആരോഗ്യ വകുപ്പ് മന്ത്രി വീണാ ജോർജ്. ഇതോടെ സംസ്ഥാനത്തെ ആകെ 262 ആരോഗ്യ സ്ഥാപനങ്ങൾക്ക് നാഷണൽ ക്വാളിറ്റി അഷുറൻസ് സ്റ്റാന്റേർഡ്സ് (എൻ.ക്യു.എ.എസ്.) അംഗീകാരം ലഭിച്ചു. 8 ജില്ലാ ആശുപത്രികൾ, 8 താലൂക്ക് ആശുപത്രികൾ, 14 സാമൂഹികാരോഗ്യ കേന്ദ്രങ്ങൾ, 47 നഗര കുടുംബാരോഗ്യ കേന്ദ്രങ്ങൾ, 165 കുടുംബാരോഗ്യ കേന്ദ്രങ്ങൾ, 20 ജനകീയ ആരോഗ്യ കേന്ദ്രങ്ങൾ എന്നിവയാണ് എൻ.ക്യു.എ.എസ്. അംഗീകാരം നേടിയിട്ടുള്ളത്.

വയനാട് പൊരുന്നന്നൂർ സാമൂഹികാരോഗ്യ കേന്ദ്രം (94.15%), കോട്ടയം പാറത്തോട് കുടുംബാരോഗ്യകേന്ദ്രം (92.76), കണ്ണൂർ മൊകേരി കുടുംബാരോഗ്യകേന്ദ്രം (91.21), മലപ്പുറം കൊണ്ടോട്ടി നഗര പ്രാഥമിക ആരോഗ്യ കേന്ദ്രം (95.54), കോഴിക്കോട് പുല്ലൂരാംപാറ ജനകീയ ആരോഗ്യ കേന്ദ്രം (91.31), വയനാട് പുളിഞ്ഞാൽ ജനകീയ ആരോഗ്യ കേന്ദ്രം (87.01), വയനാട് കോക്കടവ് ജനകീയ ആരോഗ്യ കേന്ദ്രം (88.68 ) എന്നീ ആരോഗ്യ കേന്ദ്രങ്ങൾക്കാണ് പുതുതായി എൻ.ക്യു.എ.എസ്. അംഗീകാരം ലഭിച്ചത്.

പത്രാധിപ സമിതി

ചീഫ് എഡിറ്റർ
ഡോ. വിനയ് ഗോയൽ ഐ.എ.എസ്
സ്റ്റേറ്റ് മിഷൻ ഡയറക്ടർ, എൻ.എച്ച്.എം

സീനിയർ എഡിറ്റർ
ഡോ. രാഹുൽ യു.ആർ
സ്റ്റേറ്റ് നോഡൽ ഓഫീസർ
ബി.സി.സി

എഡിറ്റർ
കെ പി ശിനോഷ്
സീനിയർ കൺസൾട്ടന്റ്, ബി.സി.സി

മാനേജിംഗ് എഡിറ്റർ
ഡോണ തോമസ്
ജെ.സി (ഡി&സി), സ്റ്റേറ്റ് മിഷൻ ഓഫീസ്

അസിസ്റ്റന്റ് എഡിറ്റർ
ശ്രേയ കൃഷ്ണ ആർ
ജെ.സി (ഡി&സി), സ്റ്റേറ്റ് മിഷൻ ഓഫീസ്

അംഗങ്ങൾ
ജിജിൽ മാത്യു
കൺസൾട്ടന്റ് (ഡി&സി), ഇടുക്കി
ഡാനി പ്രിയൻ
കൺസൾട്ടന്റ് (ഡി&സി), തൃശ്ശൂർ
ദിവ്യ ചേലാട്ട്
കൺസൾട്ടന്റ് (ഡി&സി), കോഴിക്കോട്
വിനു എ
കൺസൾട്ടന്റ് (ഡി&സി), എറണാകുളം
വിനീഷ് സി ആർ
കൺസൾട്ടന്റ് (ഡി&സി), കോട്ടയം
ആഗ്നൽ ജോസഫ്
കൺസൾട്ടന്റ് (ഡി&സി), ആലപ്പുഴ
വർഷ ജയപ്രകാശ്
കൺസൾട്ടന്റ് (ഡി&സി), തിരുവനന്തപുരം
പ്രീത എം
ജെ.സി (ഡി&സി), പാലക്കാട്
ദിവ്യ ഇ ആർ
കൺസൾട്ടന്റ് (ഡി&സി), മലപ്പുറം
ബിൻസി രവീന്ദ്രൻ
ജെ.സി (ഡി&സി), കണ്ണൂർ
കമൽ കെ ജോസഫ്
ജെ.സി (ഡി&സി), കാസറഗോഡ്
നിജിൽ കെ എസ്
ജെ.സി (ഡി&സി), വയനാട്
അജിത് കുമാർ പി എ
ജെ.സി (ഡി&സി), പത്തനംതിട്ട
അശ്വിനി രവീന്ദ്രൻ
ജെ.സി (ഡി&സി), കൊല്ലം
ശ്രീദേവി കെ എസ്
ക്ലർക്ക് & ഡി.ഇ.ഒ, സ്റ്റേറ്റ് മിഷൻ ഓഫീസ്

ശബരിമല തീർത്ഥാടനം

# വിപുലമായ സേവനങ്ങൾ ഒരുക്കാൻ ആരോഗ്യവകുപ്പ്

മികച്ച സൗകര്യങ്ങളൊരുക്കാൻ ആക്ഷൻ പ്ലാൻ



തിരുവനന്തപുരം: ശബരിമല തീർത്ഥാടനത്തോടനുബന്ധിച്ച് വിപുലമായ ആരോഗ്യ സേവനങ്ങൾ ഉറപ്പാക്കുന്നതിന് ആരോഗ്യ വകുപ്പ് മന്ത്രി വീണാ ജോർജിന്റെ നേതൃത്വത്തിൽ ആരോഗ്യ വകുപ്പിന്റെ ഉന്നതതല യോഗം ചേർന്നു. ആക്ഷൻ പ്ലാനനുസരിച്ച് ശബരിമലയുമായി ബന്ധപ്പെട്ട എല്ലാ ആശുപത്രികളിലേയും മെയിന്റനൻസ് ജോലികൾ എത്രയും വേഗം പൂർത്തിയാക്കാൻ നിർദേശം നൽകി. ദേവസ്വം ബോർഡിന്റെ സഹകരണത്തോടെ എമർജൻസി മെഡിക്കൽ സെന്ററുകൾ നേരത്തെ സജ്ജമാക്കണം. ഈ കേന്ദ്രങ്ങളിലെല്ലാം മരുന്നുകളുടെ ലഭ്യത മണ്ഡല കാലം തുടങ്ങുന്നതിന് മുമ്പ് ഉറപ്പാക്കണം. ആന്റി സ്നേക്ക് വെനം എല്ലാ ആശുപത്രികളിലും ഉറപ്പ് വരുത്തണം. ജീവനക്കാരുടെ നിയമനങ്ങൾ എത്രയും വേഗം നടത്തണം. പത്തനംതിട്ട, ആലപ്പുഴ, കോട്ടയം, ഇടുക്കി ജില്ലകളിലെ ആശുപത്രികളിൽ അധിക കിടക്കകൾ സജ്ജമാക്കാനും മന്ത്രി നിർദേശം നൽകി.

കോന്നി മെഡിക്കൽ കോളേജ് ബേസ് ആശുപത്രിയായി പ്രവർത്തിക്കും. കോന്നി മെഡിക്കൽ കോളേജിൽ കൂടുതൽ സൗകര്യങ്ങളൊരുക്കും. പമ്പ ആശുപത്രിയിൽ വിപുലമായ കൺട്രോൾ റൂം സ്ഥാപിക്കും. പത്തനംതിട്ട ജനറൽ ആശുപത്രിയിൽ അടിയന്തര കാർഡിയോളജി ചികിത്സയും കാത്ത് ലാബ് ചികിത്സയും ലഭ്യമാക്കും. ഭക്ഷ്യ സുരക്ഷാ വകുപ്പ് പ്രത്യേക സ്ക്വാഡുകൾ രൂപീകരിച്ച് പരിശോധനകൾ നടത്തണം. ഭക്ഷ്യ സ്ഥാപനങ്ങളിലെ ജീവനക്കാർക്ക് ഹെൽത്ത് കാർഡ് നിർബന്ധമാണ്. ഹൃദയ സംബന്ധമായ പ്രശ്നങ്ങൾക്ക് ഉടനടി ചികിത്സ ലഭ്യമാക്കാനായുള്ള സംവിധാനമുൾപ്പെടെയുള്ള കനിവ് 108 ആംബുലൻസ് സേവനങ്ങൾ ലഭ്യമാക്കണം. സന്നിധാനത്ത് നിന്നും പമ്പയിലേക്ക് പ്രത്യേക ആംബുലൻസ് സേവനം ലഭ്യമാക്കും.

മണ്ഡലകാലം ആരംഭിക്കുന്നതിന് മുമ്പ് മതിയായ ചികിത്സാ സംവിധാനങ്ങൾ ഒരുക്കാനും ജീവനക്കാരെ നിയോഗിക്കാനും മന്ത്രി നിർദേശം നൽകി. പുതിയ നിലയ്ക്കൽ ആശുപത്രി മണ്ഡലകാലത്തിന് മുമ്പ് നിർമ്മാണം തുടങ്ങാൻ നിർദേശം നൽകി. വിവിധ സ്പെഷ്യാലിറ്റികളിലെ ഡോക്ടർമാരെ ആരോഗ്യ വകുപ്പിൽ നിന്നും മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിൽ നിന്നും സമയബന്ധിതമായി നിയോഗിക്കും. മെഡിക്കൽ കോളേജുകളിൽ നിന്നും വിദഗ്ധ കാർഡിയോളജി ഡോക്ടർമാരേയും ഫിസിഷ്യൻമാരേയും നിയോഗിക്കും. എല്ലാ ആശുപത്രികളിലും ഡിഫിബ്രിലേറ്റർ, വെന്റിലേറ്റർ, കാർഡിയാക് മോണിറ്റർ എന്നിവയുണ്ടാകും. നിലയ്ക്കലും പമ്പയിലും പൂർണ സജ്ജമായ ലാബ് സൗകര്യമുണ്ടാകും. പമ്പയിലും സന്നിധാനത്തും ഓപ്പറേഷൻ തീയറ്ററുകൾ പ്രവർത്തിക്കും. പന്തളം വലിയ കോയിക്കൽ ക്ഷേത്രത്തിൽ താത്ക്കാലിക ഡിസ്പെൻസറിയും പ്രവർത്തിക്കും. മതിയായ ആംബുലൻസ് സൗകര്യങ്ങളും ക്രമീകരിക്കും.

കോട്ടയം മെഡിക്കൽ കോളേജിൽ തീർത്ഥാടകർക്കായി മികച്ച സൗകര്യമൊരുക്കും. അടൂർ ജനറൽ ആശുപത്രി, റാന്നി താലൂക്ക് ആശുപത്രി, തിരുവല്ല ജില്ലാ ആശുപത്രി, കോഴഞ്ചേരി ജില്ലാ ആശുപത്രി, റാന്നി പെരിനാട് സാമൂഹികാരോഗ്യ കേന്ദ്രം, എരുമേലി, കോഴഞ്ചേരി, മുണ്ടക്കയം, വണ്ടിപ്പെരിയാർ, കുമളി, ചെങ്ങന്നൂർ തുടങ്ങി 15 ഓളം ആശുപത്രികളിൽ പ്രത്യേക ചികിത്സാ സൗകര്യങ്ങളും ഒരുക്കും. ആയുഷ് മേഖലയുടെ സേവനവും ഉറപ്പാക്കും. പകർച്ചവ്യാധി പ്രതിരോധ പ്രവർത്തനങ്ങൾക്ക് ജില്ലാ വെക്ടർ കൺട്രോൾ ടീമിനെ ചുമതലപ്പെടുത്തി.

അടൂർ, വടശേരിക്കര, പത്തനംതിട്ട എന്നിവിടങ്ങളിൽ ഒരു മെഡിക്കൽ സ്റ്റോറെങ്കിലും 24 മണിക്കൂറും പ്രവർത്തിക്കാനുള്ള നടപടി സ്വീകരിക്കാൻ ഡ്രഗ്സ് കൺട്രോളർക്ക് നിർദേശം നൽകി.

ആരോഗ്യകരമായ തീർത്ഥാടനത്തിന് തീർത്ഥാടകർ സ്വീകരിക്കേണ്ട മുൻകരുതലുകൾ സംബന്ധിച്ച് വിവിധ ഭാഷകളിലുള്ള ലഘുലേഖകൾ, ബാനർ, പോസ്റ്റർ എന്നിവ തയ്യാറാക്കണം. സോഷ്യൽ മീഡിയയിലും അവബോധ പ്രചരണം നൽകണം.

ആരോഗ്യ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി, എൻ.എച്ച്.എം സ്റ്റേറ്റ് മിഷൻ ഡയറക്ടർ, ആരോഗ്യ വകുപ്പ് ഡയറക്ടർ, മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ് ഡയറക്ടർ, ഭക്ഷ്യ സുരക്ഷാ കമ്മീഷണർ, ഡ്രഗ്സ് കൺട്രോളർ, ആരോഗ്യ വകുപ്പ്, ആയുഷ് വകുപ്പ്, ഭക്ഷ്യസുരക്ഷാ വകുപ്പ് എന്നീ വകുപ്പുകളിലെ ഉന്നത ഉദ്യോഗസ്ഥർ എന്നിവർ യോഗത്തിൽ പങ്കെടുത്തു.

ആലപ്പുഴ ആദ്യം

# 'അമൂല്യം 6' കാമ്പയിൻ വിജയകരം




ആലപ്പുഴ: 0–6 വയസ്സുവരെയുള്ള കുട്ടികൾക്കായി സാമൂഹികാധിഷ്ഠിത ബോധവൽക്കരണം പ്രധാനമായി ഉൾപ്പെടുത്തിക്കൊണ്ടുള്ള അമൂല്യം 6 കാമ്പയിന്റെ ആദ്യ ഘട്ടം ആലപ്പുഴ ജില്ലയിൽ വിജയകരമായി പൂർത്തിയായി. 2025 ഏപ്രിൽ 21 മുതൽ മെയ് 31 വരെ സമഗ്രമായ സ്ക്രീനിംഗിലൂടെയും കൃത്യമായ ഇടപെടൽ ഘട്ടങ്ങളിലൂടെയും ആറാഴ്ച നീണ്ടുനിന്ന കാമ്പയിൻ ജനങ്ങൾക്ക് വലിയ ആശ്വാസമായി. കുഞ്ഞുങ്ങളിലെ ആരോഗ്യ പ്രശ്നങ്ങൾ തിരിച്ചറിയാനും പരിഹരിക്കാനും ലക്ഷ്യമിട്ടു നടപ്പിലാക്കിയ പദ്ധതി ജൂലൈ പതിനഞ്ചോടുകൂടി ജില്ലയിലെ ആറുവയസ്സ് വരെയുള്ള മുഴുവൻ കുട്ടികളുടെയും സ്ക്രീനിംഗ് പൂർത്തീകരിച്ചു. ഇതോടെ പദ്ധതിയുടെ ആദ്യ ഘട്ടം വിജയകരമായി പൂർത്തിയാക്കുന്ന സംസ്ഥാനത്തെ ആദ്യ ജില്ലയും ആലപ്പുഴയാണ്. വനിതാ ശിശു വികസന വകുപ്പ്, JAK ടീം, ആരോഗ്യ സൂപ്പർവൈസർമാർ എന്നിവരുടെ സഹകരണത്തോടെയാണ് സംരംഭം നടപ്പിലാക്കിയത്.

**അറിയാം 'അമൂല്യം 6' കാമ്പയിനിന്റെ പ്രധാന സവിശേഷതകൾ:**

**'വിപുലമായ സ്ക്രീനിംഗ്:** കാമ്പയിനിന്റെ ഭാഗമായി ആകെ 84587 കുട്ടികളെ സ്ക്രീൻ ചെയ്തു. ഇതിൽ 0–6 വയസ്സുവരെയുള്ള 74,960 കുട്ടികളും 6–18 വയസ്സുവരെയുള്ള 9,627 കുട്ടികളും ഉൾപ്പെടുന്നു. 0–6 വയസ്സുവരെയുള്ള കുട്ടികളിൽ ലക്ഷ്യമിട്ടതിന്റെ 70%വും, 6–18 വയസ്സുവരെയുള്ള കുട്ടികളിൽ 5.7%വും പൂർത്തിയാക്കി. ആകെ 36% നേട്ടം കൈവരിച്ചു.

**മികച്ച പരിശീലനം:** പ്രതിരോധ കുത്തിവയ്പ്പ്, പോഷകാഹാരം, മുലയൂട്ടൽ, ലഹരിവസ്തുക്കളുടെ ദുരുപയോഗം, ആർത്തവ ശുചിത്വം എന്നിങ്ങനെ ആറ് പ്രധാന വിഷയങ്ങളിൽ പരിശീലന ക്ലാസുകൾ സംഘടിപ്പിച്ചു. ബുധനാഴ്ചകളിൽ RBSK നഴ്സുമാർക്കായി വിദഗ്ധരും ശനിയാഴ്ചകളിൽ രക്ഷിതാക്കൾക്കും കൗമാരക്കാർക്കും വേണ്ടി RBSK നഴ്സുമാരും ഈ ക്ലാസുകൾ നയിച്ചു.

**കൃത്യമായ തിരിച്ചറിയലുകൾ:** സ്ക്രീനിംഗിലൂടെ ആകെ 7,058 ആരോഗ്യ പ്രശ്നങ്ങൾ കണ്ടെത്തി. ഇതിൽ 421 പേരെ DEIC (ജില്ലാ ആദ്യകാല ഇടപെടൽ കേന്ദ്രം) ലേക്ക് റഫർ ചെയ്തു. കൂടാതെ, 32 പേർക്ക് കടുത്ത ഭാരക്കുറവും, 151 പേർക്ക് മിതമായ ഭാരക്കുറവും, 302 പേർക്ക് നേരിയ ഭാരക്കുറവും, 114 പേർക്ക് അമിതഭാരവും, 83 പേർക്ക് അമിതവണ്ണവും, 373 പേർക്ക് വളർച്ചാപരമായ കാലതാമസവും കണ്ടെത്തി.

**പ്രധാന പ്രവർത്തനങ്ങൾ:** RCH ക്യാമ്പുകൾ, വിളർച്ചാ സ്ക്രീനിംഗ്, അങ്കണവാടി കേന്ദ്രങ്ങളിൽ പോഷകാഹാര പ്രദർശനങ്ങൾ എന്നിവ ഉൾപ്പെടെ നിരവധി പ്രധാന പ്രവർത്തനങ്ങൾ കാമ്പയിനിന്റെ ഭാഗമായി സംഘടിപ്പിച്ചു. ഖഅഗ ടീമും ങഒഠയും ചേർന്ന് മോപ്–അപ്പ് സ്ക്രീനിംഗും നടത്തി.

**നിരീക്ഷണവും അവലോകനവും:** ഫലപ്രദമായ നിരീക്ഷണവും പുരോഗതി ട്രാക്കിംഗും ഉറപ്പാക്കാൻ പ്രതിവാര അവലോകന യോഗങ്ങൾ നടത്തുകയും ദിവസേനയുള്ള സ്ക്രീനിംഗ് റിപ്പോർട്ടുകൾ അപ്ഡേറ്റ് ചെയ്യുകയും ചെയ്തു. ആസൂത്രണം, ഏകോപനം, നിർവഹണ അവലോകനം, വെല്ലുവിളികളെ അഭിസംബോധന ചെയ്യൽ എന്നിവയ്ക്കായി ജില്ലാതല യോഗങ്ങളും നടത്തി. ഇതു കൂടാതെ കമ്മ്യൂണിറ്റി പങ്കാളിത്തം, നേരത്തെയുള്ള കണ്ടെത്തൽ, ലക്ഷ്യമിട്ടുള്ള ഇടപെടലുകൾ എന്നിവയിലൂടെ ആലപ്പുഴ ജില്ലയിലെ കുട്ടികളുടെ ആരോഗ്യ നിലവാരം മെച്ചപ്പെടുത്തുന്നതിനുള്ള ഒരു കൂട്ടായ ശ്രമമാണ് 'അമൂല്യം 6' കാമ്പയിൻ എന്ന് തെളിയിക്കുന്നു.




# ഇനി റഫർ ചെയ്യേണ്ടതില്ല രോഗം കണ്ടുപിടിക്കാം



ആലപ്പുഴ : രോഗ നിർണ്ണയ രംഗത്ത് അതി നൂതനമായ ഡിജിറ്റൽ സബ്സ്ട്രക്ഷൻ ആൻജിയോഗ്രാഫി (ഡി.എസ്.എ)യന്ത്രം ആരോഗ്യ വകുപ്പ് മന്ത്രി വീണാ ജോർജ് ആലപ്പുഴ ഗവ. ടി ഡി മെഡിക്കൽ കോളേജ് ആശുപത്രിയിൽ ഉദ്ഘാടനം ചെയ്തു. സൂപ്പർ സ്പെഷ്യാലിറ്റി വിഭാഗത്തിലാണ് ഇത് സജ്ജമാക്കിയിരിക്കുന്നത്.


രക്തക്കുഴലുകളുടെ ആന്തരിക ഉപരിതലം വ്യക്തതയോടെ കാണുന്നതിനൊപ്പം, ധമനികൾ, സിരകൾ, ഹൃദയ അറകൾ എന്നിവ കാണാനും, ഇതുവഴി നൂതന ചികിത്സ വേഗത്തിൽ ലഭ്യമാക്കുന്നതിനും യന്ത്രം ഏറെ സഹായകരമാണ്.

സങ്കീർണ്ണമായ കമ്പ്യൂട്ടറൈസ്ഡ് എക്സ്–റേ മെഷീനുകൾ ഉപയോഗിക്കുന്ന ഫ്ലൂറോസ്കോപ്പിക് സാങ്കേതികതയാൽ യന്ത്രം തുടർച്ചയായ ചിത്രങ്ങൾ പകർത്തും. അതുവഴി രക്തക്കുഴലുകൾ വ്യക്തതയോടെ എളുപ്പത്തിൽ കാണാനും, രക്തത്തിലേക്ക് പ്രത്യേക കോൺട്രാസ്റ്റ് മീഡിയം (ഡൈ) കുത്തിവക്കുക വഴി ലഭ്യമാകുന്ന ചിത്രത്തിൽ ധമനികളും സിരകളും തമ്മിലുള്ള അസാധാരണ കണക്ഷനുകൾ, രക്തക്കുഴൽ രോഗങ്ങൾ, ധമനികളുടെയും സിരകളുടെയും ഉള്ളിലെ തടസ്സമോ സങ്കോചമോ മൂലമുണ്ടാകുന്നതോ, തടസ്സപ്പെടുത്തുന്നതോ ആയ വാസ്കുലർ രോഗങ്ങൾ ഉൾപ്പെടെ കണ്ടെത്തും. ഒപ്പം തലച്ചോറിലെ അന്യൂറിസം, (പ്രത്യേകിച്ച് ഇൻട്രാക്രീനിയൽ അന്യൂറിസം) രക്തസ്രാവം വേഗത്തിൽ കണ്ടെത്താനും ഇത് സഹായകരമാണ്.

കാൻസർ മുഴകളുടെ രക്തക്കുഴൽ സംവിധാനങ്ങൾ വിലയിരുത്തുക, ആൻജിയോപ്ലാസ്റ്റി (ബലൂണിങ്), വെസൽ സ്റ്റെന്റിംഗ് എന്നീ ഇന്റർവെൻഷണൽ നടപടികൾക്കായി വ്യക്തമായ ചിത്രങ്ങളും ഇത് ലഭ്യമാക്കും.

ഈ യന്ത്രം വഴിയുള്ള രോഗനിർണ്ണയത്തിന് നിരവധി രോഗികളെയാണ് ശ്രീ ചിത്ര മെഡിക്കൽ കോളേജിലേക്കും മറ്റു സ്വകാര്യ ആശുപത്രികളിലേക്കും പറഞ്ഞയച്ചിരുന്നത്. എന്നാൽ ഇനി മുതൽ ആലപ്പുഴ മെഡിക്കൽ കോളേജ് ആശുപത്രിയിലും ഈ രോഗനിർണ്ണയം സാധ്യമായിരിക്കുകയാണ്.

# നീക്കം ചെയ്തത് 6 സെമീ നീളമുള്ള കല്ല്



ആലപ്പുഴ: അസഹനീയ വേദനയുമായി ചേർത്തല താലൂക്ക് ആസ്ഥാന ആശുപത്രിയിലെത്തിയ 67 കാരന്റെ ശരീരത്തിൽ നിന്നും ആറ് സെന്റീമീറ്റർ വലിപ്പമുള്ള കല്ല് നീക്കം ചെയ്തു. മൂത്രസഞ്ചിയിലെ കല്ലുനീക്കൽ (സുപ്രാപബിക് സിസ്റ്റോലിത്തോട്ടമി) ശസ്ത്രക്രിയ വിജയകരമായി പൂർത്തിയാക്കിയ അഭിമാനത്തിലാണ് ചേർത്തല താലൂക്ക് ആസ്ഥാന ആശുപത്രിയിലെ മെഡിക്കൽ ടീം. ചേർത്തല സ്വദേശിയായ 67–കാരന്റെ മൂത്രസഞ്ചിയിൽ നിന്നാണ് ആറുസെന്റീമീറ്റർ വലിപ്പമുള്ള കല്ല് നീക്കം ചെയ്തത്. താലൂക്ക് ആസ്ഥാന ആശുപത്രിയിൽ ആദ്യമായാണ് മൂത്രസഞ്ചിയിൽ നിന്നു കല്ലു നീക്കുന്ന ശസ്ത്രക്രിയ നടക്കുന്നത്. അസഹനീയ വേദനയുമായാണ് ഇയാൾ ചേർത്തല താലൂക്ക് ആശുപത്രിയിലെ ശസ്ത്രക്രിയാ വിഭാഗത്തിലെ ഡോ. മുഹമ്മദ് മുനീറിനെ കാണാനെത്തിയത്. പരിശോധനയിലാണ് മൂത്രസഞ്ചിയിലെ കല്ലാണെന്നു കണ്ടെത്തിയത്. പ്രായാധിക്യമുണ്ടെങ്കിലും ശസ്ത്രക്രിയയ്ക്കു രോഗിയും കുടുംബവും തയാറായി. ഇതേത്തുടർന്നാണ് അനസ്തേഷ്യ വിഭാഗം മേധാവി ഡോ. നിർമൽ രാജിന്റെ നേതൃത്വത്തിൽ ഡോ. മിഷ, അശ്വതി, സൂര എന്നിവരടങ്ങുന്ന അനസ്തേഷ്യ വിഭാഗത്തിന്റെ സഹകരണത്തിൽ ശസ്ത്രക്രിയ നടന്നത്. ഡോ. മുഹമ്മദ് മുനീർ, ഡോ. കൃഷ്ണ, ഡോ. അഞ്ജന, ഡോ. മിന്നു, ഡോ. അനഘ എന്നിവരാണ് വയറും മൂത്രസഞ്ചിയും തുറന്ന് കല്ലു പുറത്തെടുത്തത്.




**69 ലക്ഷം രൂപയുടെ ചികിൽസാനുകൂല്യം**

# ജനങ്ങൾക്ക് താങ്ങായി ആലപ്പുഴ ജനറൽ ആശുപത്രി

ആലപ്പുഴ: സാധാരണക്കാർക്ക് കുറഞ്ഞനിരക്കിൽ ആധുനിക ചികിൽസ ലഭ്യമാക്കുന്നതിന്റെ ഭാഗമായി ആലപ്പുഴ ജനറൽ ആശുപത്രിയിൽ പുതുതായി ആരംഭിച്ച റേഡിയോളജി യൂണിറ്റിൽ കഴിഞ്ഞ ഏഴ് മാസത്തിനിടെ സൗജന്യനിരക്കിൽ എം.ആർ.ഐ, സിറ്റി സ്കാനുകൾ ചെയ്തത് 3600 ലധികം പേർ. എംആർഐ സ്കാൻ ചെയ്ത 450 പേർക്ക് മാത്രം 15.75 ലക്ഷം രൂപയുടെയും സി ടി സ്കാൻ ചെയ്ത 3150 രോഗികൾക്ക് 53.5 ലക്ഷം രൂപയുടെയും ആനുകൂല്യമാണ് ഇവിടെ നിന്നും ലഭിച്ചത്. സ്വകാര്യ സ്കാൻ സെന്ററുകളിൽ 6000 രൂപക്ക് ചെയ്യുന്ന എം.ആർ.ഐ സ്കാൻ 2500 രൂപക്കും 3000 രൂപ വരുന്ന സി ടി സ്കാൻ 1300 രൂപക്കുമാണ് ഇവിടെ ജനറൽ ആശുപത്രിയിൽ ചെയ്യുന്നത്. കഴിഞ്ഞ ഏഴ് മാസത്തിനിടെ 32000ത്തിലധികം എക്സ് റേ 100 രൂപ സൗജന്യ നിരക്കിൽ രോഗികൾക്ക് ലഭ്യമാക്കി. 117 കോടി രൂപ കിഫ്ബി ഫണ്ട് ഉപയോഗിച്ച് നിർമ്മിച്ച പുതിയ ഒപി ബ്ലോക്കിൽ 20 കോടി രൂപ ചെലവഴിച്ചാണ് പുതിയ റേഡിയോളജി യൂണിറ്റിൽ സംസ്ഥാനസർക്കാർ അത്യാധുനിക രോഗനിർണയ സംവിധാനങ്ങൾ സ്ഥാപിച്ചത്.

സ്വകാര്യ സ്ഥാപനങ്ങളിൽ സാധാരണക്കാർക്ക് താങ്ങാവുന്നതിലുമധികം ചികിത്സാ ചെലവ് വരുന്ന എം.ആർ.ഐ, സി ടി സ്കാൻ, മറ്റ് റേഡിയോളജി പരിശോധനകൾ എന്നിവ സർക്കാർ നിശ്ചയിച്ച ഫീസ് മാത്രം വാങ്ങിയാണ് ജനറൽ ആശുപത്രിയിൽ നടത്തുന്നത്. അതിദരിദ്ര വിഭാഗത്തിൽപെടുന്ന രോഗികൾക്ക് ഈ ചികിൽസകളെല്ലാം സൗജന്യമായാണ് നൽകുന്നത്. അടിയന്തര റേഡിയോളജി സംവിധാനങ്ങൾ ഉപയോഗിക്കുന്ന ബിപിഎൽ രോഗികൾക്ക് പകുതിയിൽ താഴെ വരുന്ന നിരക്കിലുമാണ് സേവനങ്ങൾ നൽകുന്നത്.



എ ഐ സാങ്കേതികവിദ്യ സഹായത്തോടെ 10 കോടി രൂപ ചെലവ് വരുന്ന അതിനൂതന 1.5 ടെസ്‌ല സീമെൻസ് മാഗ്നറ്റം സെംപ്ട്ര എം.ആർ.ഐ മെഷീനാണ് ജനറൽ ആശുപത്രിയിൽ സ്ഥാപിച്ചിട്ടുള്ളത്. രണ്ട് കോടി രൂപ ചെലവഴിച്ചാണ് അനുബന്ധ സൗകര്യങ്ങൾ ഒരുക്കിയത്. ജില്ലയിൽ ആരോഗ്യവകുപ്പിന് കീഴിൽ ആലപ്പുഴ ജനറൽ ആശുപത്രിയിൽ മാത്രമാണ് ഈ നൂതന എം.ആർ.ഐ സൗകര്യമുള്ളത്. 2.57 കോടി രൂപ വില വരുന്ന സീമെൻസിന്റെ 16 സ്ലൈസ് സുമാറ്റം ഗോ നൗ മെഷീനാണ് സി ടി സ്കാനിങ്ങിന് ഉപയോഗിക്കുന്നത്. എക്സ് റേ യൂണിറ്റിൽ മെഷീനും ഡിജിറ്റൽ സംവിധാനത്തിനുമടക്കം 37 ലക്ഷത്തോളം രൂപയാണ് സർക്കാർ ചെലവഴിച്ചത്. സാംസങ്ങിന്റെ 50 കിലോവാട്ട് അലെൻജേഴ്സ് മാഴ്സ് 50 ഡിജിറ്റൽ എക്സ്റേ മെഷീനാണ് ഇവിടെ പ്രവർത്തിക്കുന്നത്. സ്വകാര്യ ആശുപത്രികൾ 300 രൂപ ഈടാക്കുന്ന എക്സ് റേക്ക് ഇവിടെ 100 രൂപ മാത്രമാണ് ചാർജ്.

> എ ഐ സാങ്കേതികവിദ്യ സഹായത്തോടെ 10 കോടി രൂപ ചെലവ് വരുന്ന അതിനൂതന 1.5 ടെസ്‌ല സീമെൻസ് മാഗ്നറ്റം സെംപ്ട്ര എം.ആർ.ഐ മെഷീനാണ് ജനറൽ ആശുപത്രിയിൽ സ്ഥാപിച്ചിട്ടുള്ളത്

രോഗലക്ഷണങ്ങൾ ഇല്ലാതെ തന്നെ സ്തനാർബുദ സാധ്യത കണ്ടുപിടിച്ച് ചികിത്സ ലഭ്യമാക്കുന്നതിന് സഹായിക്കുന്ന മാമ്മോഗ്രാഫി പരിശോധന സംവിധാനവും ഇവിടെയുണ്ട്. 35 ലക്ഷത്തിലധികം രൂപ വിലവരുന്ന അലെൻഞ്ചേഴ്സ് മാം വീനസ് മെഷീനാണ് മാമോഗ്രാം ചെയ്യുന്നതിന് ഉപയോഗിക്കുന്നത്. സ്വകാര്യ ക്ലിനിക്കുകളിൽ 1500 രൂപയിലധികം രൂപ ഈടാക്കുന്ന മാമോഗ്രാമിന് ഇവിടെ 600 രൂപമാത്രമാണ് ചാർജ്. ബിപിഎൽ രോഗികൾക്ക് വെറും 100 രൂപമാത്രമാണ് ഇതിന് ഈടാക്കുന്നത്.

ദന്തക്ഷയം, മോണരോഗം തുടങ്ങിയ ദന്തരോഗാവസ്ഥകൾ കൃത്യമായി നിർണ്ണയിക്കാനുള്ള ഡിജിറ്റൽ പനോരമിക് എക്സ് റേ എടുക്കാൻ സഹായിക്കുന്ന ആധുനിക ഒപിജി മെഷീൻ (ഓർത്തോപാൻഡമോഗ്രാം) 27 ലക്ഷം രൂപ മുടക്കിയാണ് സ്ഥാപിച്ചിട്ടുള്ളത്. സ്വകാര്യ ക്ലിനിക്കുകളിൽ 700 രൂപക്ക് ചെയ്യുന്ന ഒപിജിക്ക് ഇവിടെ 250 രൂപ മാത്രമാണ് ഈടാക്കുന്നത്. പതിവു ദന്തപരിശോധനയിലൂടെ ദൃശ്യമാകാത്ത വിവരങ്ങൾ ഈ ത്രിമാന ചിത്രങ്ങളിലൂടെ ലഭിക്കും. 20 ലക്ഷത്തോളം രൂപ ചെലവഴിച്ചാണ് പുതിയ അൾട്രാ സൗണ്ട് മെഷീൻ സ്ഥാപിച്ചത്. അൾട്രാ സൗണ്ട് സ്കാനിങ്ങിന് സ്വകാര്യ സ്ഥാപനങ്ങളിൽ കുറഞ്ഞത് 1000 രൂപ ഈടാക്കുമ്പോൾ ഇവിടെ 350 രൂപമാത്രമാണ് ചാർജ്. ബി പി എൽകാർക്ക് ഇത് 150 രൂപമാത്രമാണ്.

എക്സ്റേ, സിടി സ്കാൻ സംവിധാനങ്ങൾ 24 മണിക്കൂറും പ്രവർത്തന സജ്ജമാണ്. എംആർഐ സ്കാനിങ്ങിന് രാവിലെ 9 മണി മുതൽ വൈകിട്ട് നാല് മണിവരെ ഫോൺ വഴിയും നേരിട്ടും ബുക്ക് ചെയ്യാം. ഒരു ദിവസം എട്ട് രോഗികൾക്ക് വരെ എം.ആർ.ഐ സ്കാൻ ചെയ്യാനാവും. അടിയന്തര സാഹചര്യങ്ങളില്ലാത്ത എം.ആർ.ഐ സ്കാനുകൾ ബുക്ക് ചെയ്താൽ രണ്ട് ദിവസത്തിനുള്ളിൽ ചെയ്യാനാകും. 0477 2233006 എന്ന ഫോൺ നമ്പറിൽ ബുക്ക് ചെയ്യാം. മറ്റു ജില്ലകളിലെ സർക്കാർ ആശുപത്രികളേക്കാളും കുറഞ്ഞ നിരക്കിലാണ് ഇത്തരം സേവനങ്ങൾ ഇവിടെ നൽകുന്നതെന്ന് വകുപ്പിന്റെ ചാർജ് വഹിക്കുന്ന കൺസൾട്ടന്റ് റേഡിയോളജിസ്റ്റ് ഡോ. എസ് ഗീത ചൂണ്ടിക്കാട്ടി. ഒരു കൺസൾട്ടന്റ് റേഡിയോളജിസ്റ്റ്, ഒരു ജൂനിയർ കൺസൾട്ടന്റ്, ഒരു പി ജി, ആറ് സ്ഥിരം റേഡിയോഗ്രാഫർമാർ, 10 താൽക്കാലിക റേഡിയോഗ്രാഫർമാർ, അനുബന്ധ സ്റ്റാഫുകൾ എന്നിവരാണ് റേഡിയോളജി യൂണിറ്റിൽ പ്രവർത്തിക്കുന്നത്. ഡോ. ലേഖയാണ് ജൂനിയർ കൺസൾട്ടന്റ്. ടോംസ് അറക്കലാണ് റേഡിയോഗ്രാഫർ ഇൻ ചാർജ്ജ്. റേഡിയോജി ഇൻ ചാർജായി രജനി മാത്യുവും പ്രവർത്തിക്കുന്നു.

കാഴ്ചയുടെ ലോകത്തേക്ക്

# കൈപിടിച്ച് ആശ



എറണാകുളം: കീഴ്മാട് ഗ്രാമപഞ്ചായത്തിലെ ആശ വർക്കറുടെ സമയോചിത ഇടപെടലിലൂടെ ഒരു മഹാദാനം സാധ്യമായി. കീഴ്മാട് ഗ്രാമപഞ്ചായത്തിലെ പന്ത്രണ്ടാം വാർഡിലെ ആശ വർക്കറായ ബീന ബാബുവാണ് കൃത്യസമയത്ത് ഇടപെടൽ നടത്തി നേത്രദാനത്തിന് ചുക്കാൻ പിടിച്ചത്. ചുണങ്ങാംവേലി കൊല്ലമാപറമ്പിൽ ജോസഫ് ദേവസി മരണപ്പെട്ടപ്പോഴാണ് കുടുംബാംഗങ്ങൾ നേത്രദാനത്തിന് സന്നദ്ധരായത്. നേത്രദാനത്തിന് സമ്മതപത്രം നേരത്തേ നൽകിയിരുന്നില്ലെങ്കിലും ദു:ഖകരമായ സാഹചര്യത്തിലും കുടുംബം ഈ പുണ്യപ്രവർത്തിക്ക് തയ്യാറായി. ഈ ഘട്ടത്തിൽ ബീന ബാബു ബന്ധപ്പെട്ടവരെ വിവരങ്ങൾ അറിയിക്കുകയും ആവശ്യമായ ക്രമീകരണം നടത്തുകയുമായിരുന്നു. കാഴ്ചശക്തിയില്ലാത്ത ഒരാളുടെ കണ്ണുകൾക്ക് വെളിച്ചമേകാൻ ജോസഫിന്റെ നേത്രങ്ങൾക്ക് സാധിക്കും എന്ന് കുടുംബത്തിന് മനസ്സിലാക്കി കൊടുത്ത് പൂർണ്ണ ആശ്വാസമായി ആശ വർക്കർ ബീന ബാബു മാതൃകയായി.

നേത്രദാനം ഒരു സാമൂഹിക പ്രതിബദ്ധതയാണ്. പൂർണ്ണമായും സ്വമേധയാ ചെയ്യുന്ന ഒരു ജീവകാരുണ്യ പ്രവർത്തനവും. ജോസഫ് ദേവസിയുടെ കുടുംബം മാതൃകാപരമായാണ് ഇക്കാര്യത്തിൽ മുന്നോട്ടുവന്നത്. നേത്രദാനം മഹാദാനം എന്ന ആപ്തവാക്യത്തെ ഉൾകൊണ്ട് ബീന ബാബു നടത്തിയ പ്രവർത്തനവും പ്രശംസനീയമാണ്.

ഏറെ ജനകീയം

# അശമന്നൂർ ജനകീയാരോഗ്യകേന്ദ്രം




എറണാകുളം: പൊതുജനങ്ങളുടെ പൂർണ്ണ പിന്തുണയോടുകൂടി ആരോഗ്യ കേന്ദ്രം യാഥാർത്ഥ്യമാക്കി അശമന്നൂർ ഗ്രാമപഞ്ചായത്ത്. അഞ്ചാം വാർഡ് പയ്യാലിലാണ് ജനപങ്കാളിത്തത്തോടുകൂടി സ്ഥലം വാങ്ങി പുതിയതായി ജനകീയ ആരോഗ്യ കേന്ദ്രം നിർമ്മിച്ചത്. സബ് സെന്റർ നിർമ്മിക്കാനുള്ള സ്ഥലമില്ലാതിരുന്ന ഘട്ടത്തിൽ പൊതുജനങ്ങളുടെ സഹായത്തോടെ സ്ഥലം കണ്ടെത്തുകയായിരുന്നു. വളരെ മാതൃകാപരമായ പ്രവർത്തനമാണ് നടപ്പിലാക്കിയതെന്നും ഈ മാതൃക ഇനിയും തുടരണമെന്നും ജനകീയാരോഗ്യകേന്ദ്രം ഉദ്ഘാടനം ചെയ്തുകൊണ്ട് വ്യവസായ വകുപ്പ് മന്ത്രി പി.രാജീവ് പറഞ്ഞു.

ആരോഗ്യരംഗത്ത് ലോകത്തിന് തന്നെ മാതൃകയാവുന്ന രീതിയിലുള്ള പ്രവർത്തനമാണ് കേരളം ഇന്ന് മുന്നോട്ട് വയ്ക്കുന്നത്. 15 കൊല്ലം മുൻപുള്ള അവസ്ഥയും ഇപ്പോഴത്തെ സ്ഥിതിയും പരിശോധിച്ചാൽ, അന്ന് സർക്കാർ സേവനങ്ങൾ ആശ്രയിച്ചിരുന്നവരേക്കാൾ പതിന്മടങ്ങ് ആളുകളാണ് ഇപ്പോൾ പൊതു ആരോഗ്യ സേവനങ്ങൾ തേടിയെത്തുന്നത്. ശസ്ത്രക്രിയകൾ ചെയ്യേണ്ട സാഹചര്യം വന്നാൽ പലർക്കും സർക്കാർ ആശുപത്രികളിലേക്ക് എത്താൻ മടിയായിരുന്നു. എന്നാൽ ഇന്ന് ഇപ്പോൾ ഹൃദയം മാറ്റിവെക്കൽ ശസ്ത്രക്രിയകൾ വരെ എറണാകുളം ജനറൽ ആശുപത്രിയിൽ ചെയ്യാവുന്ന സാഹചര്യങ്ങളും സൗകര്യങ്ങളും ലഭ്യമാണ്. നമ്മുടെ ജനകീയ ആരോഗ്യ കേന്ദ്രം പോലെയുള്ള ശൃംഖലാസംവിധാനം വേറെ എവിടെയും ഉണ്ടാകില്ലെന്നും മന്ത്രി കൂട്ടിച്ചേർത്തു.

പൊതുജനങ്ങളുടെ സഹകരണത്തോടെ വാങ്ങിയ സ്ഥലത്ത് 55.5 ലക്ഷം രൂപ വിനിയോഗിച്ചാണ് പുതിയ ജനകീയ ആരോഗ്യ കേന്ദ്രം ഒരുക്കിയിരിക്കുന്നത്. വർഷങ്ങളായി വാടക കെട്ടിടത്തിൽ ആയിരുന്നു സബ് സെന്ററിന്റെ പ്രവർത്തനം നടന്നുവന്നത്. പുതിയ കേന്ദ്രം യാഥാർത്ഥ്യമായതോടെ പ്രദേശവാസികൾക്ക് കൂടുതൽ സൗകര്യത്തിൽ മികച്ച ആരോഗ്യ സേവനങ്ങൾ ലഭ്യമാകും. ഉദ്ഘാടന ചടങ്ങിൽ എൽദോസ് പി. കുന്നപ്പിള്ളിൽ എം.എൽ.എ അധ്യക്ഷത വഹിച്ചു. ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് മനോജ് മൂത്തേടൻ, ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ഷിജി ഷാജി തുടങ്ങിയവർ ചടങ്ങിൽ പങ്കെടുത്തു.


പ്രമേഹവും ബിപിയും പണി തരുമോ?

# 360 ഡിഗ്രിയിൽ പരിഹാരമുണ്ട്

**സേവനം നേടിയത് 21,626 പേർ**

ആലപ്പുഴ: പ്രമേഹവും ബിപിയും കൊളസ്ട്രോളുമടക്കമുള്ള ജീവിതശൈലീ രോഗങ്ങൾ ഭാവിയിൽ പണിതരുമെന്ന ആശങ്കയുണ്ടോ..? എങ്കിൽ ആലപ്പുഴ ജനറൽ ആശുപത്രിയിലെ പുതിയ ഒ.പി കെട്ടിടത്തിൽ ഒരുക്കിയ 360 ഡിഗ്രി മെറ്റബോളിക് സെന്ററിലേക്ക് വരൂ. ആശങ്കകൾ അകറ്റി മടങ്ങാം. കഴിഞ്ഞ ഒക്ടോബറിൽ ആലപ്പുഴ ജനറൽ ആശുപത്രിയിലെ പുതിയ ഒ പി കെട്ടിടത്തിൽ ആരംഭിച്ച 360 ഡിഗ്രി മെറ്റബോളിക് സെന്ററിന്റെ സേവനം ഇതുവരെ പ്രയോജനപ്പെടുത്തിയത് 21,626 പേർ.

ജീവിതശൈലി രോഗങ്ങൾ കൂടി വരുന്ന സാഹചര്യത്തിൽ പ്രമേഹം, രക്തസമ്മർദം, കൊളസ്ട്രോൾ എന്നിവയ്ക്ക് പുറമേ വൃക്കകളുടെ കാര്യക്ഷമത, കണ്ണുകളെയും കാലുകളെയും ബാധിക്കുന്ന പ്രമേഹ സങ്കീർണതകളുടെ പരിശോധന, പൾമണറി ഫങ്ഷൻ ടെസ്റ്റ്, ഡയറ്റ് കൗൺസലിങ് തുടങ്ങിയ എല്ലാ സേവനങ്ങളും ഒരു കുടക്കീഴിൽ ലഭ്യമാക്കുകയാണ് 360 ഡിഗ്രി മെറ്റബോളിക് സെന്ററിലൂടെ. പ്രമേഹത്തിന്റെ സങ്കീർണതകളായ ഡയബറ്റിക് റെറ്റിനോപ്പതി, ഡയബറ്റിക് നെഫ്രോപ്പതി, പെരിഫറൽ ന്യൂറോപ്പതി തുടങ്ങിയ രോഗങ്ങൾ മുൻകൂട്ടി കണ്ടെത്തി നിയന്ത്രിക്കുകയാണ് ഇതിലൂടെ ലക്ഷ്യമിടുന്നത്. ജീവിതശൈലി രോഗങ്ങൾ മൂലമുണ്ടാകാൻ സാധ്യതയുള്ള ഗുരുതര രോഗങ്ങളെ ഇതുവഴി നിയന്ത്രിക്കാൻ സാധിക്കും.




ആലപ്പുഴ ജനറൽ ആശുപത്രിയിലെ പുതിയ ഒ പി കെട്ടിടത്തിൽ ആരംഭിച്ച 360 ഡിഗ്രി മെറ്റബോളിക് സെന്റർ

ഡയബറ്റിക് റെറ്റിനോപ്പതി കണ്ടുപിടിക്കുന്നതിന് നോൺ മിഡ്റിയാട്രിക് കാമറകൾ സെന്ററിൽ സ്ഥാപിച്ചിട്ടുണ്ട്. രക്താതിമർദ്ദം, പ്രമേഹം, ബോഡി മാസ് ഇൻഡക്സ് തുടങ്ങിയ അടിസ്ഥാന പരിശോധനകൾക്കായി വിവിധ കാബിനുകളായി തിരിച്ചിട്ടുണ്ട്. ഡോപ്ലർ, ബയോതെസിയോ മീറ്റർ, ബോഡി ഫാറ്റ് ഇംപെഡൻസ് മെഷീൻ, കാർബൺ മോണോക്സൈഡ് ബ്രത്ത് അനലൈസർ, സ്പൈറോമീറ്റർ എന്നീ ഉപകരണങ്ങളിലൂടെയാണ് പരിശോധന. അഞ്ചുവർഷത്തിൽ കൂടുതലായി പ്രമേഹമുള്ളവരാണെങ്കിൽ കണ്ണ്, ഞരമ്പ്, തൊലി എന്നീ ഭാഗങ്ങളെ പ്രമേഹം ബാധിച്ചിട്ടുണ്ടോ എന്നറിയുന്നതിന് ബയോതെസിയോ മീറ്റർ വഴി നെർവ് കണ്ടക്ഷൻ സ്റ്റഡി നടത്തും. ഇതോടൊപ്പം ഡോപ്ലർ ഉപയോഗിച്ച് ഞരമ്പുകളിൽ ബ്ലോക്കുണ്ടോ എന്നും കണ്ടെത്താം. രോഗ തീവ്രത അനുസരിച്ച് ആവശ്യമെങ്കിൽ ന്യൂറോളജിസ്റ്റിന്റെയും ഒഫ്താൽമോളജിസ്റ്റിന്റെയും സേവനം രോഗികൾക്ക് ലഭ്യമാക്കും.

കാർബൺ മോണോക്സൈഡ് ബ്രത്ത് അനലൈസറിലൂടെ ശ്വാസകോശത്തിലുള്ള കാർബൺ മോണോക്സൈഡിന്റെ അളവ് മനസ്സിലാക്കുവാനും സ്പൈറോ മീറ്ററിലൂടെ ശ്വാസകോശത്തിന്റെ കപ്പാസിറ്റി അറിയുവാനും സാധിക്കും. 30 വയസ്സിന് മുകളിലുള്ള സ്ത്രീകൾക്കും പുരുഷന്മാർക്കും സ്തന രോഗ കാൻസർ നിർണയം, വായിലെ കാൻസർ നിർണയം എന്നീ പരിശോധനകളും ഇവിടെ നടത്തുന്നുണ്ട്. അനിയന്ത്രിതമായ പ്രമേഹമുള്ള രോഗികൾക്ക് ക്ഷയരോഗ ലക്ഷണങ്ങളുണ്ടെങ്കിൽ കഫം എ.എഫ്.ബി ടെസ്റ്റ് ചെയ്യുന്നതിന് ജില്ലാ ടി ബി സെന്റർ ലബോറട്ടറിയിലേക്ക് അയക്കും.

ആദ്യമായി ആശുപത്രിയിൽ എത്തുന്ന വ്യക്തികൾക്ക് ഒ പി ടിക്കറ്റ് എടുത്ത ശേഷം 360 ഡിഗ്രി മെറ്റബോളിക് സെന്ററിൽ എത്താം. ആദ്യം രജിസ്ട്രേഷൻ നടത്തും. തുടർന്ന് പ്രമേഹം, രക്തസമ്മർദ്ദം എന്നിവയുടെ പരിശോധനകൾ നടത്തും. ശേഷം ഡയറ്റീഷ്യന്റെ നിർദ്ദേശപ്രകാരം ജീവിതശൈലിയിൽ മാറ്റം വരുത്താൻ നിർദ്ദേശിക്കുകയോ മരുന്നുകൾ നൽകുകയോ ചെയ്യും. എല്ലാ രോഗികളും മരുന്ന് ആവശ്യമുള്ളവരല്ല. ജീവിതശൈലിയിൽ വരുത്തുന്ന മാറ്റങ്ങളിലൂടെ മരുന്നില്ലാതെതന്നെ അവർക്ക് രോഗങ്ങളിൽ നിന്നും രക്ഷ നേടാം. രോഗനിർണയത്തിലെ കാലതാമസവും രോഗ ലക്ഷണങ്ങൾ തിരിച്ചറിഞ്ഞ് ചികിത്സ തുടങ്ങാൻ വൈകുന്നതും അതിന്റെ സങ്കീർണതകളെ കുറിച്ചുള്ള അജ്ഞതയുമാണ് ജീവിതശൈലി രോഗങ്ങളെ അപകടകാരിയാക്കുന്നത്. ചിട്ടയായ വ്യായമത്തിലൂടെയും ആഹാര നിയന്ത്രണത്തിലൂടെയും ജീവിതശൈലി രോഗങ്ങളെ ഒരു പരിധി വരെ തടയാമെന്ന അവബോധം ജനങ്ങളിൽ എത്തിക്കുന്നതിനും 360 ഡിഗ്രി മെറ്റബോളിക് സെന്ററിലൂടെ സാധിക്കുന്നുണ്ട്.

# 'അമ്മിഞ്ഞപ്പാൽ അമൃത്' കവിതകളിലൂടെ



തൃശ്ശൂർ: ലോക മുലയൂട്ടൽ വാരാചരണത്തോട് അനുബന്ധിച്ച് തൃശൂർ ജില്ലയിൽ വേറിട്ട രീതിയിൽ മത്സരം സംഘടിപ്പിച്ചു. ആഗസ്റ്റ് 11ന് നടന്ന ഓൺലൈൻ കവിത രചന മത്സരത്തിൽ അമ്മിഞ്ഞപ്പാൽ അമൃത് എന്ന വിഷയത്തിൽ പൊതുജനങ്ങൾ ഏറെ ആവേശത്തോടെ പങ്കെടുത്തു. സമയബന്ധിതമായി ലഭിച്ച കവിതകൾ നാഷണൽ ഹെൽത്ത് മിഷൻ തൃശ്ശൂരിന്റെ ഔദ്യോഗിക ഫേസ്ബുക്ക് പേജിൽ പോസ്റ്റ് ചെയ്യുകയും ലഭ്യമായ ലൈക്കുകളുടെ അടിസ്ഥാനത്തിൽ മൂന്നു പേരെ വിജയികളായി പ്രഖ്യാപിച്ചു. ആകെ 80 പേർ അയച്ച കവിതകളിൽ നിന്നുമാണ് ഏറ്റവും കൂടുതൽ ലൈക്കുകൾ ലഭിച്ചവരെ വിജയികളെ തിരഞ്ഞെടുത്തത്. ജനമനസ്സുകളിൽ ഏറെ സ്വീകാര്യത ലഭിച്ച കവിതാ രചന മത്സരം ഫലപ്രഖ്യാപനത്തോടെ അവസാനിച്ചു.

**ഒന്നാം സമ്മാനം**
**അജിത്ത് തച്ചനാടൻ**
1033 ലൈക്കുകൾ

**അമ്മിഞ്ഞപ്പാൽ അമൃത്**
*അമ്മ തൻ ജീവന് പകരമായ് ഈ*
*ഭൂമിയിൽ മറ്റൊന്നുമില്ല*
*ചേർത്തീടണം മാറോട് ചേർത്ത്*
*കൊടുത്തീടണം മടിയേതുമില്ലാതെ*
*അമ്മതൻ അമ്മിഞ്ഞപ്പാൽ അമൃതം.*
*ജീവന്റെ തുടിപ്പായ്*
*നാളെയുടെ നൻമക്ക്*
*മക്കൾ വളരണം ആരോഗ്യപൂർണം*
*പല നിറങ്ങളിൽ പല പേരിൽ*
*പൊടികളായി വിപണിയിൽ*
*അരങ്ങേറുന്ന വേളയിൽ*
*നാം ഒന്നായ് ചെറുക്കണം*
*ഒന്നായ് പൊരുതണം*
*അമ്മിഞ്ഞപ്പാൽ അമൃതായി*
*പൊഴിയട്ടെ ഇനിയെന്നും*

**രണ്ടാം സമ്മാനം**
**ശ്രീജ എ എസ്**
867 ലൈക്കുകൾ

**അമ്മിഞ്ഞപ്പാൽ അമൃത്**
ഒരു ജന്മം
മനുഷ്യരൂപം പൂണ്ടന്നു ഞാനീ
ഭൂമിയിൽ പിറന്നുവീണൊരുദിനം
അറിഞ്ഞില്ല ഞാനന്നേരമെന്നമ്മ
യെന്നെക്കാണാനീ ഭൂമിയിലില്ലെന്ന്
വിശന്നു കരഞ്ഞു വിളിച്ചെന്റെ
ഭാഷയിൽ
ഒരു തുള്ളിയമ്മിഞ്ഞപ്പാലിനായി...
വാത്സല്യമോലുന്ന സ്പർശനത്താലമ്മ
അമ്മിഞ്ഞനീട്ടുമെന്നോർത്തു ഞാനും
കണ്ടില്ലയെവിടെയും
പൊന്നമ്മതൻമുഖം
ആരോ പറഞ്ഞവർക്കായുസ്സില്ലെന്ന്
കൊതിച്ചു ഞാനൊരു നിമിഷമീ
കുഞ്ഞു ചുണ്ടിൽ
ഒരു തുള്ളി പാലമൃതേകിയെങ്കിൽ
ഈ നിലവിളി ഒരു തുള്ളിപ്പാലിനെന്ന്
അറിഞ്ഞൊരു മാലാഖയോടി വന്നു
ഇവൾക്ക് മുലയൂട്ടുവാൻ
നിനക്കാവുമോയെന്ന്
മറ്റൊരു മാലാഖ ചോദിപ്പതും കേട്ടു
സന്തോഷത്തോടങ്ങു ഓടിവന്നങ്ങിനെ
ഇരു കൈകൾ നീട്ടിയങ്ങാശ്ലേഷിച്ചു
മാറോടണച്ചങ്ങു വാത്സല്യത്താൽ
മാറിടം ചുരത്തിയെൻ വിശപ്പൊതുക്കി
പറയുന്നുണ്ടായിരുന്നാമാലാഖ
എനിക്കിവളെപ്പോലൊരു മകളുണ്ടെന്ന്
ആർത്തിയോടമ്മിഞ്ഞപ്പാൽ മധുരം
ആവോളം ഞാൻ നുകർന്നുറങ്ങി
മാതൃത്വമൂട്ടിയ മാലാഖക്കെൻ
മാതാവ് സ്വർഗത്തിൽ നന്ദി ചൊല്ലും
മായില്ല നഴ്സമ്മേ നിന്നുടെ പൊന്മുഖം
മുലയൂട്ടിയോരമ്മയായെന്മനസ്സിൽ

**മൂന്നാം സ്ഥാനം**
**റോസ്മേരി**
809 ലൈക്കുകൾ

**മാതൃത്വത്തിൻ മാധുര്യം**
അമ്മതൻ അമ്മിഞ്ഞ
പാലോളം വരുമോ...
ഇന്നിതൻ ലോകമാധുര്യങ്ങൾ.
തേനൂറും മാതൃത്വത്തിൻ
നീർ പകർന്നി അമ്മ
തേൻ പോൽ മധുരമായി മാറുന്നു..
അമ്മതൻ ഒരായിരം വിയർപ്പിൻ
തുള്ളികൾ
അമ്മിഞ്ഞപ്പാലിലൂടെ നുകരുന്നു.
ആദ്യത്തെ എൻ നാവിൻ രുചി
അമ്മതൻ അമൃതല്ലോ
അമ്മേതൻ സ്നേഹവും
മാറിലെ ചോരയും
അമ്മിഞ്ഞപ്പാലായി മാറുന്ന നേരം
എൻ കുഞ്ഞിളം ചുണ്ടുകൾ
അമ്മതൻ മാറിലേക്കമരുന്നു
തപ്പി തിരയുന്നു
മാതൃത്വത്തിൻ മാധുര്യം
പഴോർമകളിൽ തിരയുന്നു
അമ്മിഞ്ഞപ്പാലിൻ മാധുര്യം
ലോകമേ... ഇന്നീ ഞാനും നീയും
അമ്മതൻ പൊക്കിൾ കൊടി ബന്ധം
അറ്റു കളയുന്നു
ഓർക്കുക! നാളെയീ ലോകവും
നിന്നേ തിരയും...
പിടയുന്ന ഹൃദയവുമായി അമ്മതൻ
സ്നേഹവാത്സല്യങ്ങൾ ഇപ്പോഴും
ബാക്കി....

**ടീം മിസ്റ്റ്**

# അതിഥി തൊഴിലാളികളുടെ ആരോഗ്യം ഏറ്റെടുക്കുന്നു



മലപ്പുറം: അതിഥി തൊഴിലാളികളുടെ ആരോഗ്യ സംരക്ഷണത്തിന് ഏറെ കരുതലേകി ആരോഗ്യ വകുപ്പിന്റെ മിസ്റ്റ് (മൊബൈൽ ഇമ്മിഗ്രന്റ്സ് സ്ക്രീനിംഗ്). മിസ്റ്റ് പദ്ധതിയുടെ ഭാഗമായി ജില്ലയിൽ പ്രവർത്തിക്കുന്ന മൊബൈൽ യൂണിറ്റ് അതിഥി തൊഴിലാളികൾ താസമിക്കുന്ന സ്ഥലങ്ങൾ സന്ദർശിച്ച് സമഗ്രമായ സ്ക്രീനിംഗ് ക്യാമ്പുകൾ നടത്തുന്നു. ഇവരിൽ മന്ത്, മലമ്പനി, കുഷ്ഠം തുടങ്ങിയ രോഗങ്ങൾ കണ്ടെത്തി തുടർ ചികിത്സ ഉറപ്പാക്കുന്നു. രോഗലക്ഷണങ്ങൾ ഉള്ളവരിലും പുതുതായി കേരളത്തിലേക്ക് എത്തിയവരിലും റാപിഡ് ഡയഗ്നോസ്റ്റിക് കിറ്റ് ഉപയോഗിച്ച് മലേറിയയുടെ സാന്നിധ്യം പരിശോധിക്കുന്നു. കൂടാതെ തൊഴിലാളികളിൽ നിന്ന് ശേഖരിച്ച രക്ത സാമ്പിളുകളിൽ മൈക്രോഫൈലേറിയയുടെ സാന്നിധ്യം കണ്ടെത്തിയാൽ അതാത് ആരോഗ്യ കേന്ദ്രങ്ങൾ മുഖേന രോഗികൾക്ക് മരുന്ന് ലഭ്യമായിട്ടുണ്ടെന്ന് മിസ്റ്റ് ഉറപ്പ് വരുത്തുന്നു. ഈ ക്യാമ്പിലൂടെ രോഗങ്ങൾ നേരത്തേ കണ്ടെത്തി ചികിത്സ ഉറപ്പിക്കാനും ഇതിലൂടെ രോഗ വ്യാപനം തടയാനും സാധിക്കുന്നു. ഒരു മെഡിക്കൽ ഓഫീസർ, രണ്ട് ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ, ഒരു ലാബ് ടെക്നീഷൻ എന്നിവർ അടങ്ങുന്നതാണ് മൊബൈൽ യൂണിറ്റ് ടീം. സ്ക്രീനിംഗ്, ചികിത്സ, പരിചരണം എന്നിവക്ക് പുറമെ മിസ്റ്റ് ക്യാമ്പുകളിലൂടെ അതിഥി തൊഴിലാളികൾക്കിടയിൽ ഇത്തരം രോഗങ്ങളെ കുറിച്ചുള്ള സംശയ നിവാരണത്തിനും കൃത്യമായ ബോധവൽക്കരണത്തിനും വഴി ഒരുങ്ങുന്നു.

**തലയാഴം**

# കുടുംബാരോഗ്യ കേന്ദ്രമാകുമ്പോൾ




നൂതന സംവിധാനങ്ങൾ ഉൾപ്പെടുത്തി കുടുംബാരോഗ്യ കേന്ദ്രമായി ഉയർത്തിയ തലയാഴം പ്രാഥമികാരോഗ്യ കേന്ദ്രം

കോട്ടയം: തലയാഴം പ്രാഥമിക ആരോഗ്യ കേന്ദ്രത്തിന് ദേശീയ ആരോഗ്യ ദൗത്യം പദ്ധതി വഴി 2021–22 കാലയളവിൽ അനുവദിച്ച 1.26 കോടി രൂപ ചെലവഴിച്ചാണ് പുതിയ ആശുപത്രി കെട്ടിടനിർമ്മാണം പൂർത്തീകരിച്ചിരിക്കുന്നത് ഒരു പ്രാഥമിക ആരോഗ്യ കേന്ദ്രം കുടുംബാരോഗ്യ കേന്ദ്രമായി മാറുമ്പോൾ അടിസ്ഥാന സൗകര്യങ്ങളിൽ ഉൾപ്പെടെ മാറ്റങ്ങൾ വേണ്ടതുകൊണ്ട് അത്തരം മാറ്റങ്ങളെ ഉൾപ്പെടുത്തിയാണ് കെട്ടിടം നിർമ്മിച്ചിരിക്കുന്നത്. വിശാലമായ കുടുംബാരോഗ്യകേന്ദ്രത്തിൽ റജിസ്ട്രേഷൻ കൗണ്ടർ, പ്രഥമ പരിശോധന മുറി, 3 ഒ പി മുറികൾ, നിരീക്ഷണ മുറി, കണ്ണ് പരിശോധന മുറി, ഫാർമസി, ലാബ്, നെബുലൈസേഷൻ റൂം, മുലയൂട്ടൽ മുറി, ഡ്രസിങ് റൂം, വിശാലമായ രോഗി സൗഹൃദ കാത്തിരിപ്പ് സ്ഥലം എന്നിവയ്ക്കൊപ്പം നഴ്സിംഗ് സ്റ്റേഷൻ, ഇ ഹെൽത്ത് സംവിധാനം കൂടാതെ പൊതുജനങ്ങൾക്കും, ജീവനക്കാർക്കും പ്രത്യേകം ടോയ്‌ലറ്റുകളും സജ്ജീകരിച്ചിട്ടുണ്ട്.

തലയാഴം പ്രാഥമികാരോഗ്യ കേന്ദ്രം കുടുംബാരോഗ്യകേന്ദ്രമായി ഉയർത്തിയതിന്റെ പ്രഖ്യാപനവും പുതിയ ആശുപത്രി സമുച്ചയത്തിന്റെ ഉദ്ഘാടനവും ആരോഗ്യവകുപ്പ് മന്ത്രി വീണ ജോർജ് നിർവഹിച്ചു. സി.കെ. ആശ എം.എൽ.എ. അധ്യക്ഷത വഹിച്ചു. ഫ്രാൻസിസ് ജോർജ് എം.പി, വൈക്കം ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് എസ്. ബിജു, തലയാഴം ഗ്രാമ പഞ്ചായത്ത് പ്രസിഡന്റ് രമേഷ് പി. ദാസ്, എന്നിവർ പങ്കെടുത്തു.

**84 ഡോക്ടർമാരെ പിരിച്ചുവിട്ടു**

# അനധികൃതമായി വിട്ടുനിൽക്കുന്ന 601 ഡോക്ടർമാർക്കെതിരെ നടപടി



തിരുവനന്തപുരം: അനധികൃതമായി സേവനത്തിൽ നിന്നും വിട്ടു നിൽക്കുന്ന ആരോഗ്യ വകുപ്പിലെ പ്രൊബേഷൻ ഡിക്ലയർ ചെയ്യാത്ത 444 ഡോക്ടർമാർക്കെതിരേയും പ്രൊബേഷൻ ഡിക്ലയർ ചെയ്ത 157 ഡോക്ടർമാർക്കെതിരേയും നടപടി സ്വീകരിച്ചു വരുന്നതായി ആരോഗ്യ വകുപ്പ് മന്ത്രി വീണാ ജോർജ്. അനധികൃതമായി സേവനത്തിൽ നിന്നും വിട്ടു നിൽക്കുന്ന പ്രൊബേഷൻ ഡിക്ലയർ ചെയ്യാത്ത 81 ഡോക്ടർമാരേയും പ്രൊബേഷൻ ഡിക്ലയർ ചെയ്ത 3 ഡോക്ടർമാരേയും ഉൾപ്പെടെ 84 ഡോക്ടർമാരെ കഴിഞ്ഞ ഒരു വർഷത്തിനുള്ളിൽ പിരിച്ചു വിട്ടു. ബാക്കിയുള്ളവർക്കെതിരേയുള്ള നടപടികൾ വിവിധ ഘട്ടങ്ങളിലാണ്. മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിന് കീഴിലുള്ള 51 ഡോക്ടർമാരെ കഴിഞ്ഞ ദിവസം പിരിച്ച് വിട്ടതിന് പുറമേയാണിത്.

# നൂൽപ്പുഴ കുടുംബാരോഗ്യ കേന്ദ്രത്തെ അഭിനന്ദിച്ച് നീതി ആയോഗ്



വയനാട്: 'ആശുപത്രിയിൽ രോഗികൾക്ക് ലഭ്യമാക്കിയിരിക്കുന്ന സൗകര്യങ്ങളിൽ അതീവ സന്തുഷ്ടവാനാണ്. ഇവിടെ സന്ദർശിക്കുന്നതിന് മഴ തടയാഞ്ഞതിൽ ഏറെ ആഹ്ലാദവും.' വയനാട് നൂൽപ്പുഴ കുടുംബാരോഗ്യ കേന്ദ്രത്തിൽ എത്തിയ നീതി ആയോഗ് വൈസ് ചെയർമാൻ സുമൻ കെ ബറി സന്ദർശക ഡയറിയിൽ കുറിച്ചതിങ്ങനെ. നൂൽപ്പുഴ കുടുംബാരോഗ്യ കേന്ദ്രത്തിലെ സൗകര്യങ്ങൾ വിലയിരുത്തിയ ശേഷമായിരുന്നു ഈ അനുമോദനം.

ഫിസിയോതെറാപ്പി യൂണിറ്റ്, ഡേ കെയർ, വിളർച്ചാനിയന്ത്രണ പദ്ധതിയായ അമ്മ താരാട്ട്, ഗർഭിണികളായ ആദിവാസി സ്ത്രീകൾക്കുള്ള പ്രതീക്ഷ പദ്ധതികൾ, റോബോട്ടിക് ഗെയ്റ്റ് ട്രെയ്നർ സംവിധാനം, പഠനപ്രശ്നങ്ങളുള്ള വിദ്യാർത്ഥികൾക്ക് വെർച്വൽ റിയാലിറ്റി തെറാപ്പി തുടങ്ങിയവ നീതി ആയോഗ് സംഘം പരിശോധിച്ചു. കൂടാതെ ആശുപത്രിക്കുള്ള നീതി ആയോഗിന്റെ അംഗീകാരം മന്ത്രി വീണാ ജോർജ് ഫേസ്ബുക്കിൽ പങ്കുവക്കുകയും ചെയ്തു.

2018ൽ നാഷണൽ ക്വാളിറ്റി അഷ്വറൻസ് സ്റ്റാൻഡേർഡ്സിൽ (എൻ.ക്യു.എ.എസ്) 98 ശതമാനം മാർക്ക് നേടി രാജ്യത്തെ പ്രാഥമികാരോഗ്യ കേന്ദ്രങ്ങളിൽ ഒന്നാമതെത്തിയ നൂൽപ്പുഴ 2022ലും എൻക്യുഎഎസിൽ 95 ശതമാനം മാർക്ക് നേടി മികവ് പുലർത്തി. 2020ൽ ആർദ്രം പദ്ധതിയിൽ സംസ്ഥാനത്തെ മികച്ച ആരോഗ്യകേന്ദ്രമായി തിരഞ്ഞെടുക്കപ്പെട്ടു. ഒപ്പം കായകൽപ് അവാർഡുകളും നേടി. തമിഴ്നാട്, കർണാടക സംസ്ഥാനങ്ങളിൽ നിന്നുള്ള രോഗികളും ഇവിടെയെത്തി മികച്ച ചികിത്സാ സേവനങ്ങൾ നേടിവരുന്നു. ആസ്പിരേഷണൽ ഡിസ്ട്രിക്ട്സ് ആന്റ് ബ്ലോക്ക്സ് പദ്ധതിയുടെ ഭാഗമായാണ് നീതി ആയോഗ് സംഘം വയനാട് സന്ദർശിച്ചത്. ദേശീയ ആരോഗ്യദൗത്യം ജില്ലാ പ്രോഗ്രാം മാനേജർ ഡോ. സമീഹ സൈതലവി, ഡെപ്യൂട്ടി ഡി.എം.ഒ ഡോ. പി ദിനീഷ്, കുടുംബാരോഗ്യ കേന്ദ്രം അസിസ്റ്റന്റ് സർജൻ ഡോ. വി.പി ദാഹർ മുഹമ്മദ്, ആർസിഎച്ച് ഓഫിസർ ഡോ. ജെറിൻ എന്നിവർ സംഘത്തോട് ആശുപത്രിയിലെ സേവനങ്ങളും സൗകര്യങ്ങളും.

> ആശുപത്രിയിൽ രോഗികൾക്ക് ലഭ്യമാക്കിയിരിക്കുന്ന സൗകര്യങ്ങളിൽ അതീവ സന്തുഷ്ടവാനാണ്. ഇവിടെ സന്ദർശിക്കുന്നതിന് മഴ തടയാഞ്ഞതിൽ ഏറെ ആഹ്ലാദവും

കുണ്ടറയിൽ

# പൊതുജനങ്ങൾക്ക് താങ്ങായി ഡയാലിസിസ് യൂണിറ്റ്



കൊല്ലം: ജില്ലയിലെ നാല് താലൂക്ക് ആശുപത്രികളിൽ ഒന്നായ കുണ്ടറ താലൂക്ക് ആശുപത്രി അടിസ്ഥാന സൗകര്യങ്ങൾ വിപുലപ്പെടുത്തി ആധുനിക ചികിത്സാ സജ്ജീകരണങ്ങൾ ഉൾപ്പെടുത്തി ആതുര ശുശ്രൂഷ രംഗത്ത് പുതിയ ചുവടു വെയ്പ്പിന് ഒരുങ്ങുന്നു. ഇതിന് മുന്നോടിയായി താലൂക്ക് ആശുപത്രിയിൽ ആരംഭിച്ച ഡയാലിസിസ് യൂണിറ്റ് പ്രവർത്തനസജ്ജമാക്കിയിരിക്കുകയാണ്. താലൂക്ക് ആശുപത്രിയിൽ നടന്ന ചടങ്ങിൽ ഡയാലിസിസ് യൂണിറ്റിന്റെ ഉദ്ഘാടനം ആരോഗ്യ വനിതാ ശിശു വികസന വകുപ്പ് മന്ത്രി വീണ ജോർജ് നിർവഹിച്ചു .

2017–18 സാമ്പത്തിക വർഷത്തിലാണ് ഡയാലിസിസ് യൂണിറ്റിന്റെ പ്രവർത്തനങ്ങൾ ആരംഭിച്ചത്. ബ്ലോക്ക് പഞ്ചായത്ത് അനുവദിച്ച 72 ലക്ഷം രൂപ ചിലവഴിച്ച് നിർമാണ പ്രവർത്തികൾ, ആർ.ഓ പ്ലാൻറ്, സെൻട്രലൈസ്ഡ് എയർ കണ്ടീഷൻ സൗകര്യം, 20 KWA ഇൻവെർട്ടർ എന്നിവ ഉൾപ്പെടെ ഡയാലിസിസ് യൂണിറ്റിൽ ഇനി പ്രവർത്തിക്കും. 2017–18 സാമ്പത്തിക വർഷത്തിൽ ആരംഭിച്ച പ്രവർത്തനങ്ങൾ 2019 – 20 ഓടുകൂടി പൂർത്തിയായി. ഡയറക്ടറേറ് ഓഫ് ഹെൽത്ത് സർവീസിൽ നിന്നും അനുവദിച്ച 7961070 രൂപ വിനിയോഗിച്ച് 2024 –25 ൽ 7 ഡയാലിസിസ് മെഷീനുകൾ ലഭ്യമാക്കുകയും ചെയ്തു. ദിവസേനെ ഒരു ഷിഫ്റ്റ് എന്ന കണക്കിൽ ഒരേ സമയം 7 രോഗികൾക്ക് ഡയാലിസിസ് ചെയ്യാനുള്ള സൗകര്യമാണ് നിലവിൽ ലഭ്യമാക്കിയിട്ടുള്ളത്.

പടപ്പക്കര, മൺറോതുരുത്ത്, പെരുമൺ തുടങ്ങിയ ഉൾപ്രദേശങ്ങൾ ഉൾപ്പെടുന്ന കുണ്ടറയിൽ നിന്നും പൊതുജനങ്ങൾ നിലവിൽ ഡയാലിസിസ് സേവനം ലഭ്യമാക്കുവാൻ ജില്ലാ ആശുപത്രി, ശാസ്താംകോട്ട താലൂക്ക് ആശുപത്രി, കൊട്ടാരക്കര താലൂക്ക് ആശുപത്രി, കൂടാതെ നഗരത്തിലെ സ്വകാര്യ ആശുപത്രികളിൽ വലിയ തുക ചിലവാക്കിയും പോകേണ്ടി വന്നിരുന്ന സാഹചര്യത്തിലാണ് കുണ്ടറ താലൂക്ക് ആശുപത്രിയിൽ ഡയാലിസിസ് സേവനം എന്ന പൊതുജനങ്ങളുടെ ഏറെക്കാലത്തെ സ്വപ്നം യാഥാർഥ്യമാകുന്നത്.

# എടക്കാടിന് ആശ്വാസമായി കുടുംബാരോഗ്യകേന്ദ്രം




കണ്ണൂർ: ആധുനിക രീതിയിൽ കൂടുതൽ സൗകര്യങ്ങളോടെ എടക്കാട് പ്രാഥമികാരോഗ്യ കേന്ദ്രം കുടുംബാരോഗ്യകേന്ദ്രമായി ഉയർത്തി പൊതുജനങ്ങൾക്ക് സമർപ്പിച്ചു. കണ്ണൂർ കോർപറേഷനിലെ എടക്കാട് സോണിൽ സ്ഥിതി ചെയ്യുന്ന കുടുംബാരോഗ്യ കേന്ദ്രത്തിന്റെ ഉദ്ഘാടനം തുറമുഖ, പുരാവസ്തു, പുരാരേഖ, മ്യൂസിയം വകുപ്പ് മന്ത്രി രാമചന്ദ്രൻ കടന്നപ്പള്ളി നിർവഹിച്ചു. 45 ലക്ഷം രൂപ എം.എൽ.എ ഫണ്ട് വിനിയോഗിച്ച് ഒരുക്കിയ പുതിയ നില ഏകദേശം അരലക്ഷത്തോളം ജനങ്ങൾക്ക് ഇനി വലിയ ആശ്വാസമാണ്. എടക്കാട് പ്രദേശവാസികൾ, സമീപമുള്ള ചെമ്പിലോട് പഞ്ചായത്തിലെ ജനങ്ങൾ ആരോഗ്യപരിപാലനത്തിതും ആശുപത്രി സേവനങ്ങൾക്കും ആശ്രയിക്കുന്ന സ്ഥാപനമാണ് എടക്കാട് കുടുംബാരോഗ്യ കേന്ദ്രം. നിലവിൽ ഒ.പി, ലബോറട്ടറി സേവനങ്ങൾ, സൗജന്യ മരുന്നുവിതരണം, പ്രതിരോധ കുത്തിവെപ്പുകൾ, ഗർഭിണികൾക്കും കുട്ടികൾക്കുമായി പ്രത്യേക പരിചരണങ്ങൾ, കുടുംബാസൂത്രണ സേവനങ്ങൾ, ആരോഗ്യ ജാഗ്രതാ പരിപാടികൾ, ഫീൽഡ് തല രോഗപ്രതിരോധ പ്രവർത്തനങ്ങൾ എന്നിങ്ങനെ വിവിധ സേവനങ്ങൾ പൊതുജനങ്ങൾക്ക് ഇവിടെ ലഭ്യമാണ്.

പ്രാഥമികാരോഗ്യകേന്ദ്രത്തിൽ നിന്നും കുടുംബാരോഗ്യകേന്ദ്രത്തിലേക്ക് ഉയർത്തുന്നതിന്റെ ഭാഗമായി ചികിത്സാ സൗകര്യങ്ങളും ഓഫീസ് പ്രവർത്തനങ്ങളും മെച്ചപ്പെടുത്തുന്നതിനായാണ് പുതിയ കെട്ടിടം നിർമ്മിച്ചത്. 6 ബെഡുകളോട് കൂടി പ്രവർത്തിച്ച് വരുന്ന എടക്കാട് ഡയാലിസിസ് യൂണിറ്റ്, പ്രദേശത്തെ വൃക്ക രോഗികൾക്ക് വലിയൊരു ആശ്വാസമായി പ്രവർത്തിച്ചുവരുന്നു. കോവിഡ് സമയത്ത് രോഗബാധിതർക്ക് ഡയാലിസിസ് ചെയ്യുന്നതിനുള്ള സൗകര്യം ഒരുക്കി യൂണിറ്റ് ശ്രദ്ധ നേടിയിരുന്നു.

# സ്മൃതി വന്ദനം

**മരണാനന്തര അവയവ ദാനം ചെയ്തവരുടെ കുടുംബങ്ങളുടെ സംഗമം. 122 കുടുംബങ്ങൾ പങ്കെടുത്തു. വേർപാടിന്റെ തീവ്രദുഃഖത്തിലും ജീവനേകാൻ കഴിഞ്ഞതിന്റെ ആശ്വാസം അവർ പങ്കുവച്ചു...**



വനിതകളുടെ

# ആരോഗ്യത്തിൽ ഇനി വല്ലന മുന്നിൽ

ജനകീയ ആരോഗ്യ കേന്ദ്രങ്ങളുടെ പ്രവർത്തനം മാതൃകാപരം: മന്ത്രി വീണാ ജോർജ്



പത്തനംതിട്ട: സംസ്ഥാനത്തെ ജനകീയ, കുടുംബാരോഗ്യ കേന്ദ്രങ്ങളുടെ പ്രവർത്തനം മാതൃകാപരമെന്ന് ആരോഗ്യ വകുപ്പ് മന്ത്രി വീണാ ജോർജ്. പന്തളം ബ്ലോക്ക് പഞ്ചായത്ത് വല്ലന സാമൂഹിക ആരോഗ്യ കേന്ദ്രത്തിൽ നിർമിച്ച വനിതാ ജിം ആന്റ് ഫിറ്റ്നസ് സെന്റർ ഉദ്ഘാടനം നിർവഹിക്കുകയായിരുന്നു മന്ത്രി. സ്ത്രീകളുടെ ആരോഗ്യ സംരക്ഷണം ലക്ഷ്യമിട്ടാണ് വനിതാ ജിം ആന്റ് ഫിറ്റ്നസ് സെന്റർ പ്രവർത്തനം ആരംഭിച്ചത്. തുമ്പമണ്ണിലെ വെൽനെസ് സെന്ററിൽ 46 ഓളം സ്ത്രീകൾ രാവിലെയും വൈകിട്ടും വ്യായാമത്തിന് എത്തുന്നുണ്ട്.

ഇത് മാതൃകയായി എടുത്ത് വല്ലനയും ബുധൻ, വ്യാഴം ദിവസങ്ങളിൽ രാവിലെ 7.30 മുതൽ 10 വരെയും വൈകിട്ട് 3.30 മുതൽ 6.30 വരെയും ജിം പ്രവർത്തനം ആരംഭിക്കുകയാണ്. പന്തളം ബ്ലോക്ക് പഞ്ചായത്തിലുൾപ്പെടുന്ന സ്ത്രീകൾക്ക് ജീവിതശൈലി രോഗങ്ങളെ ചെറുക്കാൻ ഈ വെൽനസ്സ് സെന്റർ സഹായിക്കും. ബ്ലോക്ക് പഞ്ചായത്ത് 2023–24 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി അഞ്ചു ലക്ഷം രൂപ ചെലവിലാണ് ഫിറ്റ്നസ് സെന്റർ നിർമിച്ചത്. ഇതുകൂടാതെ വല്ലന സാമൂഹിക കേന്ദ്രമടക്കം വളർച്ചയുടെ പാതയിലാണ്. 2.5 കോടി രൂപ ചെലവിൽ നിർമിക്കുന്ന പുതിയ കെട്ടിടതിന്റെ നിർമാണ പ്രവർത്തനങ്ങൾ ദ്രുതഗതിയിൽ പൂർത്തിയായി വരുന്നതിനൊപ്പം പഴയ സബ് സെന്റുകളെല്ലാം ജനകീയ ആരോഗ്യ കേന്ദ്രങ്ങളാക്കി പരിഷ്ക്കരിച്ച് വരികയാണ്. പഞ്ചായത്ത്, ബ്ലോക്ക് തലത്തിൽ പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങൾ കുടുംബാരോഗ്യ കേന്ദ്രങ്ങളായി. സംസ്ഥാനത്തെ ആരോഗ്യ രംഗം ഏറെ മെച്ചപ്പെട്ടതായും മന്ത്രി വ്യക്തമാക്കി.

പന്തളം ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് ബി എസ് അനീഷ് മോൻ അധ്യക്ഷനും വൈസ് പ്രസിഡന്റ് അശ്വതി വിനോജ്, പന്തളം ബ്ലോക്ക് പഞ്ചായത്ത് വികസനകാര്യ സ്ഥിരം സമിതി അധ്യക്ഷൻ വി എം മധു, ബ്ലോക്ക് പഞ്ചായത്ത് അംഗങ്ങളായ രേഖ അനിൽ, ജോൺസൺ ഉള്ളന്നൂർ, രജിത കുഞ്ഞുമോൻ, ജൂലി ദിലീപ്, ജില്ലാ മെഡിക്കൽ ഓഫീസർ ഡോ. എൽ അനിത കുമാരി, ആർദ്രം നോഡൽ ഓഫീസർ ഡോ. അംജിത്ത് രാജീവൻ, പന്തളം ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി സനൽ കുമാർ, വി കെ ബാബുരാജ്, വല്ലന സാമൂഹിക ആരോഗ്യ കേന്ദ്രം മെഡിക്കൽ ഓഫീസർ ഡോ. അഞ്ജലി എസ് കുമാർ എന്നിവരും ഉദ്ഘാടന ചടങ്ങിൽ പങ്കെടുത്തു.

അമ്മമാർക്ക്

# തണലായി വടകര ജില്ലാ ആശുപത്രി




കോഴിക്കോട് : വടകര ജില്ലാ ആശുപത്രിയിൽ എൻ.എച്ച്.എം ആർ.ഒ.പി. ഫണ്ട് 2.67 കോടി ഉപയോഗിച്ച് നിർമ്മിച്ച 'ശാക്തീകരിച്ച മറ്റേണിറ്റി വിഭാഗം' പ്രവർത്തനക്ഷമമായി. കെട്ടിടത്തിന്റെ ഉദ്ഘാടനം ബഹുമാന്യയായ ആരോഗ്യ വനിതാ ശിശു വികസന വകുപ്പ് മന്ത്രി വീണാ ജോർജ് നിർവഹിച്ചു. ഏറ്റവും നൂതനമായ സംവിധാനങ്ങളോട് കൂടി ആധുനിക രീതിയിലുള്ള മോഡുലാർ, മൈനർ, ജനറൽ ഓപ്പറേഷൻ തിയേറ്റർ കൂടാതെ 25 കിടക്കകളോട് കൂടിയ ഒരു വാർഡ് എന്നിവയാണ് ഈ പുതിയ കെട്ടിടത്തിൽ സജ്ജീകരിച്ചിട്ടുള്ളത്. ഇതോടുകൂടി വടകര ജില്ലാ ആശുപത്രിയിലെ മെറ്റേണിറ്റി വിഭാഗത്തിലെ ലേബർ റൂമിലെയും, ഓപ്പറേഷൻ തീയേറ്ററിലെയും പ്രസവ പ്രസവാനന്തര സേവനങ്ങളും പരിചരണരീതിയും ഏറ്റവും ഗുണനിലവാരം ഉള്ളതും, ദേശീയ ഗുണനിലവാര സൂചികയായ 'ലക്ഷ്യ' ഗുണനിലവാരമുള്ളതായും മാറുകയാണ്. ഇതിനോടൊപ്പം ജില്ലയിലെയും കേരളത്തിലെയും തന്നെ ഏറ്റവും മികച്ച രീതിയിൽ ഉള്ള മാതൃ– ശിശു വിഭാഗമായി വടകര ജില്ലാ ആശുപത്രി മാറുകയാണ്.

ആരോഗ്യ മേഖലയിൽ

# റാന്നിയുടെ വമ്പൻ മുന്നേറ്റങ്ങൾ



പത്തനംതിട്ട: റാന്നിയുടെ ആരോഗ്യമേഖലയിൽ സമഗ്ര വികസനം സാധ്യമായെന്ന് ആരോഗ്യവകുപ്പ് മന്ത്രി വീണാ ജോർജ്. നെല്ലിക്കമൺ റാന്നി അങ്ങാടി കുടുംബാരോഗ്യകേന്ദ്രത്തിന്റെ പുതിയ കെട്ടിടം ഉദ്ഘാടനം ചെയ്യുകയായിരുന്നു മന്ത്രി. റാന്നിയുടെ സ്വപ്നമായിരുന്ന താലൂക്ക് ആശുപത്രി കിഫ്ബി ഫണ്ട് വിനിയോഗിച്ച് നിർമ്മാണം ആരംഭിച്ചു. ഒപ്പം 93 ലക്ഷം രൂപ വിനിയോഗിച്ച് താലൂക്ക് ആശുപത്രിയുടെ ഒ.പി പുനർനിർമ്മിക്കുകയും ചെയ്തു. ദേശീയ ഗുണനിലവാര മാനദണ്ഡ പ്രകാരമുള്ള ലക്ഷ്യ ഗൈനക്കോളജി വിഭാഗമാണ് താലൂക്ക് ആശുപത്രിയിൽ ഒരുങ്ങുന്നത്. ശബരിമലയുടെ പ്രധാന ഇടത്താവളമായ നിലയ്ക്കലിൽ 6.12 കോടി രൂപ വിനിയോഗിച്ച് അത്യാധുനിക ആശുപത്രി നിർമാണവും ഉടൻ ആരംഭിക്കും. മലയോര മേഖലയുടെ ആവശ്യമായ മെഡിക്കൽ കോളേജ് ഇതിനോടകം സാധ്യമാക്കി. അക്ഷരാർത്ഥത്തിൽ ജില്ലയിലെ എല്ലാ ആരോഗ്യ കേന്ദ്രങ്ങളും വികസന പാതയിലാണ്. റാന്നി, കോന്നി, തിരുവല്ല താലൂക്ക് ആശുപത്രികളും കോഴഞ്ചേരി, പത്തനംതിട്ട, അടൂർ ജനറൽ ആശുപത്രികളിലും നിർമാണം പുരോഗമിക്കുന്നു.

സൗജന്യ ചികിത്സയ്ക്കായി സംസ്ഥാന സർക്കാർ 1100 കോടി രൂപ ചെലവഴിക്കുന്നു. കാൻസർ, കാർഡിയോളജി ചികിത്സ, മജ്ജ മാറ്റിവയ്ക്കൽ, കരൾ മാറ്റിവയ്ക്കൽ ശസ്ത്രക്രിയകളും സർക്കാർ ആശുപത്രികളിൽ ഇന്ന് സാധ്യമാണ്. ഡയാലിസിസ് ഉൾപ്പെടെയുള്ള സംവിധാനങ്ങൾ കുറഞ്ഞ ചെലവിൽ ജനങ്ങൾക്കു ലഭ്യമാക്കുവാൻ സർക്കാരിനു സാധിച്ചു. പതിനായിരക്കണക്കിനു ജനങ്ങളാണ് ഒരു ദിവസം സർക്കാർ ആശുപത്രിയിൽ ഡയാലിസിസ് ചെയ്യുന്നത്. ഗ്രാമീണ മേഖലയിൽ ഒരു കുടുംബത്തിന് ഒരു വർഷം ശരാശരി 19,000 രൂപ ചികിത്സ ചെലവ് എന്ന നാഷണൽ സ്റ്റാറ്റിസ്റ്റിക്കൽ സർവ്വേ 2024 ന് ശേഷം 9000 ആയി കുറഞ്ഞു. സർക്കാർ ആശുപത്രികളെ ശാക്തീകരിച്ച് കുറഞ്ഞ ചെലവിൽ ചികിത്സ ലഭ്യമാക്കിയത്തിനാലാണിതു സാധ്യമായതെന്നും മന്ത്രി പറഞ്ഞു.

റാന്നിയിൽ ആരോഗ്യ മേഖലയിൽ വലിയ മുന്നേറ്റം സാധ്യമായെന്ന് പ്രമോദ് നാരായൺ എംഎൽഎ കൂട്ടിച്ചേർത്തു. 1.57 കോടി രൂപയ്ക്കു നിർമിക്കുന്ന പഴവങ്ങാടി മക്കപ്പുഴ പ്രാഥമികാരോഗ്യ കേന്ദ്രം അവസാന ഘട്ടത്തിലാണ്. 8 കോടി രൂപ ചെലവിൽ നിർമ്മിക്കുന്ന എഴുമറ്റൂർ ആരോഗ്യ കേന്ദ്രം നവംബറിൽ ജനങ്ങൾക്കു സമർപ്പിക്കുമെന്നും അധ്യക്ഷത വഹിച്ച എംഎൽഎ പറഞ്ഞു. ജില്ലാ മെഡിക്കൽ ഓഫീസർ ഡോ. എൽ അനിതാകുമാരി റിപ്പോർട്ട് അവതരിപ്പിച്ചു.

ആരോഗ്യകേരളം പദ്ധതിയിൽ ഉൾപ്പെടുത്തി 1.69 കോടി രൂപയും ആർദ്രം മിഷൻ പ്ലാൻ ഫണ്ടിൽ ഉൾപ്പെടുത്തി 50ലക്ഷം രൂപയും ചേർത്ത് 2.19 കോടി രൂപ മുതൽ മുടക്കിയാണ് പുതിയ കെട്ടിടത്തിന്റെ നിർമ്മാണം പൂർത്തീകരിച്ചത്. ഒ.പി, ഒബ്സർവേഷൻ, ഡ്രസിങ്, കാത്തിരിപ്പ്, ഇൻജെക്ഷൻ റൂമുകൾ, ലബോറട്ടറി, ഫാർമസി, ശുചിമുറി, ഭിന്നശേഷി ശുചിമുറി എന്നീ സൗകര്യങ്ങൾ ഉൾപ്പെടുത്തി 6250 ചതുരശ്ര അടി വിസ്തൃതിയിലാണു പുതിയ കെട്ടിടം നിർമിച്ചിരിക്കുന്നത്. വാപ് കോസ് ഏജൻസിക്കായിരുന്നു നിർമ്മാണ ചുമതല. റാന്നി ബ്ലോക്ക് പഞ്ചായത്ത് അംഗം എം എസ് സുജ, അങ്ങാടി ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ബിന്ദു റെജി, വൈസ് പ്രസിഡന്റ് ബിച്ചു ഐക്കാട്ടുമണ്ണിൽ, ആരോഗ്യ സ്ഥിരംസമിതി അധ്യക്ഷൻ ജേക്കബ് സ്റ്റീഫൻ, ആരോഗ്യ കേരളം ജില്ലാ പ്രോഗ്രാം മാനേജർ ഡോ.എസ് ശ്രീകുമാർ, ആർദ്രം നോഡൽ ഓഫീസർ ഡോ. അംജിത്ത് രാജീവൻ, മെഡിക്കൽ ഓഫീസർ ഡോ.എ.ബി അഭിരാമി, ത്രിതല പഞ്ചായത്തംഗങ്ങൾ, രാഷ്ട്രീയ പാർട്ടി പ്രതിനിധികൾ, വകുപ്പ് ഉദ്യോഗസ്ഥർ തുടങ്ങിയവർ പങ്കെടുത്തു.

ആശുപത്രി കെട്ടിടത്തിനായി സ്ഥലം വിട്ടുകൊടുത്ത ചാലുമാട്ട് കുടുംബാംഗങ്ങളായ സി.എം വർഗീസ്, ഭാര്യ എൽസി വർഗീസ്, സഹോദരൻ ജേക്കബ് സി മാത്യു എന്നിവരെയും മുൻ എംഎൽഎ രാജു എബ്രഹാം, സോണി മാത്യു, ഷിബു പി തോമസ്, രാധാമണിയമ്മ, ഷിബു സാമുവൽ എന്നിവരെയും ചടങ്ങിൽ ആദരിച്ചു.